# ഗവ. ഹയർ സെക്കൻഡറി സ്കൂൾ
# മണത്തണ

# അക്കാദമിക് മാസ്റ്റർ പ്ലാൻ
# 2025– 26

# ആമുഖം

ക്ഷേത്രങ്ങളുടെ നാടാണ് മണത്തണ. പതിനേഴാം നൂറ്റാണ്ടു മുതൽ അന്യനാടുകളിൽ നിന്ന് ഗുരുക്കന്മാരെ വരുത്തി തറവാടുകളിൽ താമസിപ്പിച്ച് ജാതിമത ഭേദമന്യേ മണത്തണ പ്രദേശത്ത് വിദ്യാഭ്യാസം നൽകിയിരുന്നു.

1920ൽ ബ്രിട്ടീഷ് ഭരണകാലത്ത് മദ്രാസ് പ്രസിഡൻസിയുടെ ഭാഗമായിരുന്ന മലബാർ ഡിസ്ട്രിക്ട് ബോർഡിന് കീഴിൽ എൽ.പി സ്കൂൾ ആയാണ് ഈ വിദ്യാലയം ആരംഭിച്ചത്. ഒന്നു മുതൽ അഞ്ച് വരെ ക്ലാസ്സുകളാണ് ആദ്യകാലത്ത് ഉണ്ടായിരുന്നത്. ഇന്നത്തെ മണത്തണ ടൗണിലാണ് അന്നത്തെ സ്കൂൾ സ്ഥിതി ചെയ്തിരുന്നത്. വളരെ കാലത്തെ നിരന്തര പരിശ്രമങ്ങളുടെ ഫലമായി 1957ൽ ഇത് യു.പി സ്കൂൾ ആയി ഉയർത്തപ്പെട്ടു.

പിന്നീട് രക്ഷിതാക്കളുടെയും നാട്ടുകാരുടെയും സഹായത്തോടെ റോഡിൽ കാഞ്ഞിരക്കൂട്ടം എന്ന പ്രദേശത്ത് സ്ഥലം വാങ്ങി ഹൈസ്കൂളിനുള്ള ശ്രമങ്ങൾ ആരംഭിച്ചു. 1980 ൽ യുപി സ്കൂൾ ഹൈസ്കൂളായി മാറി. 1991 ഈ വിദ്യാലയം ഈ മലയോര മേഖലയിലെ ആദ്യ ഹയർ സെക്കൻഡറി സ്കൂൾ ആയി മാറി. കഴിഞ്ഞവർഷം ഹയർ സെക്കൻഡറിയുടെ രജത ജൂബിലി വിപുലമായ പരിപാടികളുടെ ആഘോഷിച്ചിരുന്നു 3 ഏക്കർ 5 സെൻറ് സ്ഥലം വിവിധ കാലഘട്ടങ്ങളിലായി സ്കൂളിന് ലഭിച്ചു. വർഷങ്ങളായി എൽ പി വിഭാഗം ടൗണിൽ വാടക കെട്ടിടത്തിലും മറ്റുള്ളവ ഓടന്തോട് റോഡരികിലുമായിട്ടാണ് പ്രവർത്തിച്ചുവന്നിരുന്നത്. എസ്എസ്എ, ജില്ലാ പഞ്ചായത്ത് ഫണ്ട്, എംപി ഫണ്ട്, എംഎൽഎ ഫണ്ട് ഇവിടെ സഹായത്തോടെ പിറ്റിഎ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങളിലൂടെ 2008 മുതൽ വാടക കെട്ടിടം ഒഴിവാക്കി. 2014 മുതൽ പിടിഎയുടെ നേതൃത്വത്തിൽ പ്രീ പ്രൈമറി വിഭാഗവും വിദ്യാലയത്തിൽ പ്രവർത്തിച്ചുവരുന്നു. അതായത് -2 മുതൽ +2 വരെ പ്രവർത്തിക്കുന്ന സമീപപ്രദേശത്തെ ഏക വിദ്യാലയം ആണിത്.

വർഷങ്ങളായി എസ്എസ്എൽസി, പ്ലസ് ടു പരീക്ഷകളിൽ 90% ത്തിലധികം വിജയവും ധാരാളം ഫുൾ എ പ്ലസ് ഗ്രേഡുകളും നേടിക്കൊടുത്തുകൊണ്ടിരുന്ന ഈ വിദ്യാലയത്തിൽ രണ്ടുവർഷം എസ്എസ്എൽസിക്ക് 100% വിജയവും കൈവരിക്കാൻ ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ഈ വിദ്യാലയത്തിന്റെ ഇന്നത്തെ ഉന്നതിയിൽ എത്തിക്കാൻ വിവിധ മേഖലകളിൽ ജനപ്രതിനിധികൾ, സ്ഥാപനങ്ങൾ, രക്ഷിതാക്കൾ നാട്ടുകാർ എന്നിവരൊക്കെ ഓരോ കാലഘട്ടത്തിലും ഞങ്ങളോടൊപ്പം ഉണ്ടായിരുന്നു. 2019 നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ പഞ്ചായത്ത് സഹായത്തോടെ 3.85 കോടി രൂപയുടെ HSS കോംപ്ലക്സ് പൂർത്തിയാക്കി.

ഭൗതിക മേഖലയിലും അക്കാദമിക്ക് മേഖലയിലും ധാരാളം പോരായ്മകളും ഈ വിദ്യാലയത്തിനുണ്ട്. പഴയ കെട്ടിടങ്ങൾ, പിന്നോക്ക മേഖലയിലെ കുട്ടികൾ, പഠന മേഖല ഉള്ളവർ, ഹാജർ നിലവാരം കുറഞ്ഞ എസ്ടി മേഖലയിലെ കുട്ടികൾ, ഭൗതിക സൗകര്യങ്ങളുടെ കുറവ് ഇവയൊക്കെ ഞങ്ങളുടെ പരിമിതികളാണ്. 2019-20 അധ്യയന വർഷം 100 വയസ്സ് പൂർത്തിയാക്കിയ ഈ വിദ്യാലയത്തിന്റെ വളർച്ച മുന്നിൽ കണ്ട് അക്കാദമിക മേഖല ശക്തിപ്പെടുത്താനും അതിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ

ഗവൺമെൻറ് ഫണ്ടുകൾക്ക് പുറമെ നാട്ടുകാർ, പൂർവ്വ വിദ്യാർത്ഥികൾ, രക്ഷിതാക്കൾ അധ്യാപകർ, ജനപ്രതിനിധികൾ, സ്ഥാപനങ്ങൾ എന്നിവരുടെ സഹായത്തോടെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. 2022-23 ഇരിട്ടി സബ്ജില്ലാ കലോത്സവം വലിയ ജനകീയ പിന്തുണയോടെ മണത്തണയുടെ ജനകീയ ഉത്സവമാക്കി മാറ്റുവാൻ ഈ വിദ്യാലയത്തിന് സാധിച്ചു. എംസി പദ്ധതിയിൽ ഉൾപ്പെടുത്തി 3 കോടി രൂപയുടെ പദ്ധതി സ്കൂളിന് അനുവദിച്ചതിന്റെ പ്രാഥമിക പ്രവർത്തനങ്ങൾ നടന്നു വരുന്ന. ഇതുകൂടി പൂർത്തിയാകുമ്പോൾ മണത്തണ ജി എച്ച്എസ്എസ് ഈ പ്രദേശത്തെ പ്രീ പ്രൈമറി മുതൽ എച്ച്എസ്എസ് വരെ സൗകര്യമുള്ള ഏറ്റവും മികച്ച വിദ്യാലയമായി മാറും.

### മണത്തണ ഗവ. ഹയർ സെക്കൻഡറി സ്കൂളിന്റെ പ്രത്യേകതകൾ (മികവുകൾ)

- വ്യത്യസ്ത പ്രവർത്തനങ്ങളുമായി വിവിധ ക്ലബ്ബുകൾ
- സ്റ്റുഡൻസ് പോലീസ് യൂണിറ്റ് (SPC)
- സംസ്ഥാന അംഗീകാരം നേടിയ എൻഎസ്എസ് യൂണിറ്റ്
- ജൂനിയർ റെഡ് ക്രോസ് യൂണിറ്റ് (JRC)
- ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്
- ശാസ്ത്ര പോഷിണി ലാബ് സൗകര്യം
- നവീകരിച്ച ലൈബ്രറി
- നവീകരിച്ച സ്മാർട്ട് റൂം
- എല്ലാ ദിവസവും കൗൺസിലിംഗ് സൗകര്യം
- IEDC - റിസോഴ്സ് അധ്യാപികയുടെ പ്രത്യേക സേവനം
- അവധിക്കാല കായിക പരിശീലനം
- എല്ലാ ക്ലാസുകളിലും ഇംഗ്ലീഷ് മീഡിയം ഡിവിഷനുകൾ
- പി.റ്റി.എ യുടെ നേതൃത്വത്തിൽ പ്രീ പ്രൈമറി ക്ലാസുകൾ, പ്രീ പ്രൈമറി പാർക്ക്
- സ്കൂൾ ഓപ്പറേറ്റീവ് സ്റ്റോർ
- തനത് പ്രവർത്തനങ്ങൾ - കരാട്ടെ, യോഗ, ചെസ് പരിശീലനം
- എസ് ടി വിഭാഗത്തിനായി വിദ്യാവാഹിനി യാത്രാ സൗകര്യം
- പ്രത്യേക പരിശീലനങ്ങൾ - LSS\USS\NMMS
- ടീൻസ് ക്ലബ്
- YIP, Inspire കോച്ചിംഗ്
- 3 കോടി രൂപയുടെ കിഫ്ബി പദ്ധതി പ്രവർത്തനങ്ങൾ
- വിവിധ ഭാഗങ്ങളിലേക്ക് സ്ക്കൂൾ ബസ്സ് സൗകര്യം
- സബ്ജില്ലാ ഓട്ടിസം സെന്റർ

****************

## ഞങ്ങളുടെ വിദ്യാലയത്തിന്റെ പരിമിതികൾ

1. ഞങ്ങളുടെ വിദ്യാലയത്തിലെ ക്ലാസ് മുറികൾ പലതും പഴക്കം ചെന്നതും അനാകർഷകവുമാണ്. ശിശുസൗഹൃദവും ആകർഷകവുമായ ക്ലാസ് മുറികളുടെ കുറവ് ഞങ്ങളുടെ പ്രധാന പരിമിതിയാണ്.
2. ഐ.ടി അധിഷ്ഠിതമായ ആധുനിക വിദ്യാഭ്യാസ സൗകര്യങ്ങൾ എല്ലാ ക്ലാസ്സുകളിലേക്കും ലഭ്യമാക്കാൻ ആവശ്യമായ ലാപ്ടോപ്പുകൾ, ഡെസ്ക് ടോപ്പുകൾ, പ്രൊജക്ടറുകൾ, വൈഫൈ കണക്ടിവിറ്റി എന്നിവ ഞങ്ങൾക്കില്ല. അതായത് സ്മാർട്ട് റൂം സൗകര്യങ്ങൾ പരിമിതമാണ്.
3. എസ്.ടി. കോളനികളിൽ നിന്നുള്ള കുട്ടികളുടെ ഹാജർ നിലവാരത്തിലുള്ള കുറവ് .
4. ജൈവവൈവിധ്യ പാർക്കിന്റെ അഭാവം ഞങ്ങൾക്ക് ഉണ്ട്.
5. പഠന വൈകല്യമുള്ള കുട്ടികൾക്ക് ആവശ്യമായ പഠന സമഗ്രികളുടെ കുറവുണ്ട്.
6. കുട്ടികൾക്ക് ഉച്ച ഭക്ഷണം കഴിക്കുന്നതിന് ആവശ്യമായ ഡൈനിങ് ഹാൾ ഇല്ല.
7. കായികശേഷി വികസനത്തിനാവശ്യമായ ഗ്രൗണ്ട് സൗകര്യമോ ഗ്രൗണ്ട് വികസിപ്പിക്കാനാവശ്യമായ സ്ഥലമോ ഇല്ല.
8. ഞങ്ങളുടെ ചുറ്റുമതിൽ അപൂർണ്ണമായതുകൊണ്ട് സാമൂഹ്യവിരുദ്ധരുടെ ശല്യം നേരിടേണ്ടിവരുന്നു.

*****************

## 2025-26 വർഷത്തെ കുട്ടികളുടെ എണ്ണം

| Class | Boys | Girls | Total |
|---|---|---|---|
| Pre - Primary | 20 | 16 | 36 |
| I | 15 | 23 | 38 |
| II | 21 | 14 | 35 |
| III | 23 | 17 | 40 |
| IV | 28 | 22 | 50 |
| V | 23 | 36 | 59 |
| VI | 29 | 26 | 55 |
| VII | 26 | 31 | 57 |
| VIII | 38 | 36 | 74 |
| IX | 45 | 55 | 100 |
| X | 37 | 39 | 76 |
| XI | 112 | 117 | 229 |
| XII | 108 | 120 | 228 |
| **Total** | **525** | **554** | **1079** |

## അദ്ധ്യാപകർ

| വിഭാഗം | അധ്യാപകരുടെ എണ്ണം |
|---|---|
| Pre-Primary | 2 |
| LP | 8 |
| UP | 8 |
| HS | 12 |
| HSS | 19 |
| **Total** | **49** |

## അക്കാദമിക് മാസ്റ്റർ പ്ലാൻ പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന മുഴുവൻ കുട്ടികൾക്കും ഓരോ ക്ലാസിലും ഭാഷാ വിഷയങ്ങളിൽ (മലയാളം, ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം) നേടേണ്ട ശേഷികൾ ആർജ്ജിക്കുന്നതിന് വേണ്ടി പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കൽ

**ഉപ ലക്ഷ്യങ്ങൾ**

പദസമ്പത്ത് വർദ്ധിപ്പിക്കൽ, ഐടി സാമഗ്രികളുടെ ഉപയോഗം, അടിസ്ഥാന ശേഷി വികസനം, ലൈബ്രറി ഉപയോഗം, ഫീഡ് ട്രിപ്പ് സെമിനാറുകൾ, സംവാദങ്ങൾ, സാഹിത്യപഠനയാത്ര, അധ്യാപക ശാക്തീകരണം, റഫറൻസ് പുസ്തകങ്ങളുടെ ഉപയോഗം, അഭിമുഖങ്ങൾ, വസ്തുനാമം തയ്യാറാക്കൽ, വിഷയത്തിൽ താൽപര്യമുണ്ടാക്കൽ, വിദ്യാഭ്യാസത്തിന്റെ സമഗ്ര ഗുണനിലവാരം ഉറപ്പാക്കൽ.

2. 10, 12 ക്ലാസുകളിലെ വിജയ ശതമാനവും ഗുണമേന്മയും വർദ്ധിപ്പിക്കൽ

**ഉപ ലക്ഷ്യങ്ങൾ**

(100% വിജയം, പ്രത്യേക പരിശീലനം, ബോധവൽക്കരണം)

3. മലയാളം, ഇംഗ്ലീഷ്, വിഷയങ്ങളിലെ അടിസ്ഥാന ശേഷികൾ നേടാത്ത കുട്ടികളെ കണ്ടെത്തി പിന്നോക്കാവസ്ഥ പരിഹരിക്കൽ.

**ഉപ ലക്ഷ്യങ്ങൾ**

(പിന്നോക്കക്കാരെ കണ്ടെത്തൽ, പ്രത്യേക പരിശീലനങ്ങൾ, പഠനസാമഗ്രികളുടെ ഉപയോഗം, ഐടി സാധ്യതകളുടെ ഉപയോഗം)

4. എല്ലാ കുട്ടികളെയും വ്യക്തിപരമായി തിരിച്ചറിഞ്ഞ് സാമൂഹ്യശാസ്ത്ര പഠനത്തിന് താല്പര്യമുണ്ടാക്കുക. കുട്ടികളിൽ ധാർമ്മിക ബോധം, ദേശീയ ബോധം, ജനാധിപത്യമൂല്യങ്ങൾ, ചരിത്രാഭിമുഖ്യം എന്നിവ വളർത്തി ദേശീയ മുഖ്യധാരയിൽ എത്തിക്കുക.

**ഉപ ലക്ഷ്യങ്ങൾ**

(ഭൂപട വിനിയോഗം, പൊതുവിജ്ഞാനം വർദ്ധിപ്പിക്കൽ, പ്രാദേശിക ചരിത്രം നിർമ്മാണം, ചരിത്ര മ്യൂസിയം തയ്യാറാക്കൽ, ഫീൽഡ് ട്രിപ്പ്, ഐടി സാധ്യത ഉപയോഗപ്പെടുത്തൽ, ജനാധിപത്യമൂല്യം വളർത്തൽ, ആൽബനിർമ്മാണം, ഇന്ത്യൻ സ്വാതന്ത്ര്യസമരം ചരിത്രം തിരിച്ചറിയൽ, പഠനോപകരണ നിർമ്മാണം)

5. ശാസ്ത്രം നിത്യജീവിതവുമായി ബന്ധപ്പെടുത്തുകയും ശാസ്ത്ര തത്വങ്ങൾ തിരിച്ചറിയുകയും ശാസ്ത്രപഠനം രസകരമാക്കുകയും ചെയ്യുന്നതു വഴി കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തൽ.

**ഉപ ലക്ഷ്യങ്ങൾ**

(കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ, നിത്യജീവിതവുമായി ശാസ്ത്രത്തെ ബന്ധിപ്പിക്കൽ, ശാസ്ത്ര വസ്തുക്കളുടെ ഉപയോഗം, ലാബ് നവീകരണം)

6. ക്ലാസുകളിൽ ഗണിതാന്തരീക്ഷം സൃഷ്ടിക്കുകയും അടിസ്ഥാന ഗണിത ശേഷി ഉറപ്പിക്കുകയും വഴി ഗണിത പഠന രസകരമാക്കുക.

**ഉപ ലക്ഷ്യങ്ങൾ**

(ഗണിതാന്തരീക്ഷം ഒരുക്കൽ, ചതുഷ്ക്രിയകൾ, ഗണിതം മധുരമാക്കൽ, ഗണിതമേളകളിലെ പങ്കാളിത്തം, ഗണിതത്തിൽ താൽപര്യം വളർത്തൽ, ഗണിത ക്ലബ്ബ് പ്രവർത്തനം കാര്യക്ഷമമാക്കൽ, ഗണിത ലൈബ്രറി തയ്യാറാക്കൽ, ഗണിത ക്യാമ്പ്, ഗണിതകേളികൾ, ഗണിത ലാബ്, ഗണിത എക്സിബിഷൻ)

7. ഏതെങ്കിലും പഠന വൈകല്യം/ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ കണ്ടെത്തി അവരുടെ സ്ഥിതി മെച്ചപ്പെടുത്തി സമൂഹത്തിന്റെ ഭാഗമാക്കി മാറ്റൽ.

(കുട്ടികളെ കണ്ടെത്തൽ, സ്ഥിതി മെച്ചപ്പെടുത്തുന്ന പ്രവർത്തനങ്ങൾ, പ്രോത്സാഹനം, സർഗ്ഗാത്മ പ്രകടനങ്ങൾ)

8. കുട്ടികളുടെ പാഠ്യേതര മേഖലകളിലെ കഴിവുകൾ വർധിപ്പിക്കാനും സർഗ്ഗാത്മകവും ബുദ്ധിപരവുമായ കഴിവുകൾ തിരിച്ചറിയാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ.

(കല, കായിക, ചിത്രരചന, പ്രവൃത്തി പരിചയ മേഖലകളിലെ കുട്ടികളെ കണ്ടെത്തൽ, പ്രത്യേക പരിശീലനം, സർഗ്ഗാത്മക കഴിവുകളുടെ പ്രോത്സാഹനം, രചനാ ശിൽപ്പശാലകൾ)

9. പഠന മേഖലയിൽ ഉയർന്ന നിലവാരം പുലർത്തുന്ന കുട്ടികളെ/ പ്രതിഭകളെ അവരുടെ മേഖലയിൽ പരിശീലിപ്പിച്ച് മുൻപന്തിയിൽ എത്തിക്കുക.

**ഉപ ലക്ഷ്യങ്ങൾ**

(എസ്എസ്എൽസി പരിശീലനം, യുഎസ്എസ് പരിശീലനം, NMMS പരിശീലനം പ്രതിഭകളെ കണ്ടെത്തൽ, പ്രത്യേക പരിശീലനങ്ങൾ, പ്രോത്സാഹനം.

10. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഹാജർ നിലവാരം ബന്ധിപ്പിച്ച് അവരെ പൊതുധാരയിൽ എത്തിക്കുക.

**ഉപ ലക്ഷ്യങ്ങൾ**

(കോളനി സന്ദർശനം, ബോധവൽക്കരണം, പഠനോപകരണ വിതരണം, ഹാജർ നിലവാരം വർദ്ധിപ്പിക്കൽ)

11. അധ്യാപകർ, രക്ഷിതാക്കൾ, വിദ്യാർത്ഥികൾ, പൊതുസമൂഹം എന്നിവർ തമ്മിലുള്ള ബന്ധം ഉറപ്പിച്ച് സ്കൂളിലെ അക്കാദമിക വികസനത്തിൽ പങ്കാളിയാക്കുക.

**ഉപ ലക്ഷ്യങ്ങൾ**

(കുട്ടിയെ അറിയൽ, ദിനാചരണങ്ങളിലെ പങ്കാളിത്തം, വിദ്യാലയ സൗഹൃദ സമൂഹം, പൂർവ്വ അധ്യാപിക വിദ്യാർഥി സംഗമം)

12. സ്കൂൾ പരിസരം ആകർഷകമാക്കി കുട്ടിയെ പരിസ്ഥിതിയുമായി ബന്ധിപ്പിച്ച് കുട്ടികൾക്ക് മികച്ച പഠനാന്തരീക്ഷം ഒരുക്കൽ.

**ഉപ ലക്ഷ്യങ്ങൾ**

(ക്ലാസുകൾ ശിശു സൗഹൃദമാക്കൽ, ജൈവവൈവിധ്യ പാർക്ക്, കലാസൗഹൃദാന്തരീക്ഷം, സ്കൂൾ പച്ചക്കറിത്തോട്ടം)

13. ചുറ്റുപാടുമുള്ള ജീവികളുമായി ഉയർന്ന കാഴ്ചപ്പാട് വളർത്തിയെടുക്കുകയും സഹജീവികളെയും ജൈവവൈവിധ്യത്തെയും സംരക്ഷിക്കുന്ന സമൂഹമായി ബയോളജി വിദ്യാർഥികളെ മാറ്റുക. ഇതിനായി ജീവന്റെ ഉല്പത്തി മുതൽ ആധുനിക കൃഷി രീതികൾ വരെ ബോധ്യപ്പെടുത്തുന്നു.

(സംഘ പഠനം, പരിസ്ഥിതി ബോധം, ശാസ്ത്രാഭിമുഖ്യം വളർത്തൽ, ഉന്നത വിദ്യാഭ്യാസ നിർദേശം)

14. ദേശീയ ഭാഷാ നൈപുണി കൈവരിക്കുന്നതിനോടൊപ്പം ഹിന്ദി സാഹിത്യത്തിൽ താൽപര്യം ഉണ്ടാക്കൽ

(ദേശീയ ഭാഷ നൈപുണി കൈവരിക്കൽ, സാഹിത്യത്തിൽ മികച്ച വായനാശീലം, സംവാദശീലം)

15. ഗണിത ശാസ്ത്രപരമായ ആശയങ്ങൾ ഉയർന്ന ക്ലാസുകളിൽ ശാസ്ത്രീയ പരമായി വിനിമയം ചെയ്ത് യുക്തിചിന്തയുടെ പിന്തുണയോടെ പ്രശ്നപരിഹരണം നടത്തൽ

(കുട്ടിയെ സഹായിക്കൽ, ഐസിടി ഉപയോഗം, പിഎസ്സി പരീക്ഷയ്ക്ക് സജ്ജമാക്കൽ, സർഗ്ഗാത്മക പ്രകടനം)

16. കുട്ടിയെ തിരിച്ചറിഞ്ഞ് ആധുനിക രീതിയിൽ ഫിസിക്സ് പഠനം നടത്തുക, ശാസ്ത്ര വൈദഗ്ധ്യം വളർത്തുക.

(പാഠ്യ പദ്ധതി നൈപുണ്യം നേടൽ, ആധുനിക സാങ്കേതികവിദ്യ, ശാസ്ത്ര വൈദഗ്ധ്യം, ഫിസിക്സിൽ ആമുഖ്യം, കുട്ടിയെ തിരിച്ചറിയൽ, ഉന്നത വിദ്യാഭ്യാസത്തിന് മാർഗനിർദ്ദേശം)

17. ഭരണകാര്യങ്ങളും ഭരണഘടനയും രാഷ്ട്രങ്ങൾ തമ്മിലുള്ള ബന്ധവും തിരിച്ചറിയുകയും ലോകരാഷ്ട്രങ്ങൾ പരിചയപ്പെടുകയും ഒരു ഉത്തമ പൗരനായി സമൂഹത്തെ അറിഞ്ഞ് ജീവിക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുകയും ചെയ്യുക.

(കരിക്കുലം ശേഷികൾ നേടൽ, നിരീക്ഷണ പാഠവം വർധിപ്പിക്കൽ, സാങ്കേതികവിദ്യ ഉപയോഗിക്കൽ, സംഘ പഠനം, കുട്ടിയെ അറിയൽ, രാഷ്ട്ര അപബോധം, പൊതുജന പങ്കാളിത്തം, പഠന മികവ്, ഉന്നത വിദ്യാഭ്യാസരംഗം പരിചയപ്പെടൽ.

18. മുതിർന്ന ക്ലാസിലെ കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നൽകുകയും ഇംഗ്ലീഷ് സാഹിത്യത്തിൽ താൽപര്യം വളർത്തുകയും ചെയ്യുക കരിക്കുലത്തിലെ ശേഷികൾ നേടൽ വായന ലേഖനം സാഹിത്യ താൽപര്യം വായനാശീലം മെച്ചപ്പെടുത്തൽ സംഘ പഠനം

19. മുതിർന്ന ക്ലാസുകളിൽ സാമ്പത്തിക ശാസ്ത്ര പഠനത്തിൽ താല്പര്യമുള്ള വളർത്തുകയും സാമ്പത്തിക അവബോധം ഉണ്ടാക്കുകയും ചെയ്യുക.

(കരിക്കുല ശേഷി നേടൽ, നിരീക്ഷണം, സാങ്കേതികവിദ്യ പ്രയോഗം, സംഘപഠനം, കുട്ടിയെ അറിയൽ സാമ്പത്തിക അവലോകനം)

21. ഹയർ സെക്കൻഡറി മലയാള പഠനത്തിൽ ഉയർന്ന സാഹിത്യ സാംസ്കാരിക അഭിരുചി വളർത്തുക.

വായനാശീലം വളർത്തൽ, മികച്ച എഴുത്തുകാരനാവുക, സാഹിത്യ ശാഖകൾ അറിയൽ, ചലച്ചിത്ര ഡോക്യുമെന്ററി പരിചയം, നാടൻ പാരമ്പര്യത്തിന്റെ മേന്മ.

(കൊമേഴ്സ് ഫെസ്റ്റിവൽ, ക്ലബ്ബ്, ഫീൽഡ് ട്രിപ്പ്, ഇ കൊമേഴ്സ്, കരിയർ ഡെവലപ്മെൻറ് ബോധവൽക്കരണ ക്ലാസ്)

## 1. ഭാഷാശേഷി വികസനം

| ക്രമ നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1. | ഭാഷാവിഷയങ്ങളിൽ പാഠ്യപദ്ധതി ലക്ഷ്യമിടുന്ന ശേഷികൾ കൈവരിക്കുക (മലയാളം, ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം) | 1-12 | • കഥ, കവിത, ലേഖനം, യാത്രാവിവരണം കുറിപ്പുകൾ പരിചയപ്പെടൽ<br>• ലൈബ്രറി ഉപയോഗം<br>• ഐ.റ്റി സാധ്യത ഉപയോഗപ്പെടുത്തൽ<br>• രചനകൾ<br>• കുറിപ്പുകൾ, അനുഭവങ്ങൾ, വിവരണങ്ങൾ തയ്യാറാക്കൽ<br>• വർക്ക് ഷീറ്റുകൾ പരിചയപ്പെടൽ<br>• സംവാദം, അഭിമുഖം | ജൂൺ മുതൽ മാർച്ച് | ഭാഷ അധ്യാപകർ | - |
| 2. | പദസമ്പത്ത് വർദ്ധിപ്പൽ (മലയാളം) | 1-2 ക്ലാസ് | • അക്ഷരകേളി<br>• പദസൂര്യൻ<br>• പദമാല<br>• കുട്ടിക്കഥ വായന | വർഷം മുഴുവൻ | 1, 2 അധ്യാപകർ | 500 |
| 3. | പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് മലയാളത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കൽ | 5-10 ക്ലാസ്സുകൾ | • കേരളീയ കലാരൂപങ്ങൾ (ഐ.ടി. അവതരണം)<br>• കവിതകളുടെ അവതരണം (ഐ.ടി. സഹായത്തോടെ)<br>• നാടക അവതരണം (ഐ.ടി. സഹായത്തോടെ)<br>• സാഹിത്യകാരന്മാരെ പരിചയപ്പെടൽ (ഐ.ടി. സഹായത്തോടെ)<br>• സാഹിത്യ ക്വിസ് (ഐ.ടി. സഹായത്തോടെ) | അധ്യയന വർഷം മുഴുവൻ | യു.പി., എച്ച്. എസ് മലയാളം അധ്യാപകർ | 2000<br>-<br> |
| 4. | സാങ്കേതിക വിജ്ഞാനം പ്രയോജനപ്പെടുത്തൽ - സംസ്കൃതത്തിൽ | 1-7 ക്ലാസ്സ് വരെ | • ഐടിയിലൂടെ സംസ്കൃത പഠനം<br>• സംസ്കൃത വെബ്സൈറ്റ് - നവവാണി പരിചയം<br>• സംസ്കൃതം ടൈപ്പിംഗ്<br>• ഗാനം റെക്കോർഡിംഗ്, വീഡിയോ നിർമ്മാണം<br>• സ്ലൈഡ് നിർമാണം | പ്രതിവാരം | സംസ്കൃത അധ്യാപിക | 1000 |

| ക്രമ നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 5. | അടിസ്ഥാന ശേഷി വികസനം (English, Listening) | 1 to X | • ശേഷി വികസനത്തിനുള്ള ഓഡിയോ വീഡിയോ സിഡികൾ<br>• മഹാന്മാരുടെ പ്രസംഗങ്ങൾ<br>• വിദഗ്ധ ക്യാമ്പുകൾ | എല്ലാ വർഷവും ജൂൺ മുതൽ മാർച്ച് വരെ | ഇംഗ്ലീഷ് അധ്യാപകർ | 1000 |
| 6. | Speaking (English) | 1 to X | • ഇംഗ്ലീഷ് കഥ പറയൽ<br>• ഇംഗ്ലീഷ് കവിത ചൊല്ലൽ<br>• സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ<br>• ഇംഗ്ലീഷ് അസംബ്ലി<br>• അഭിമുഖം | എല്ലാ വർഷവും ജൂൺ മുതൽ മാർച്ച് വരെ | യു.പി, എൽ.പി., എച്ച്. എസ് ഇംഗ്ലീഷ് അധ്യാപകർ | 1000 |
| 7. | Reading English | 1 to X | • ക്ലാസ് ലൈബ്രറിയിലെ ഇംഗ്ലീഷ് പുസ്തകങ്ങളുടെ ഉപയോഗം<br>• പത്രവായന<br>• പുസ്തക പരിചയം<br>• നിഘണ്ടു<br>• വായനാ മത്സരം | എല്ലാ വർഷവും ജൂൺ മുതൽ മാർച്ച് വരെ | യു.പി, എൽ.പി., എച്ച്. എസ് ഇംഗ്ലീഷ് അധ്യാപകർ | - |
| 8. | Writing (English & Hindi) | 1 to X | • കഥയെഴുത്ത്<br>• കവിത പൂരണം<br>• വിവരണം<br>• കുറിപ്പ് തയ്യാറാക്കൽ<br>• തിയേറ്റർ ഡ്രാമ | എല്ലാ വർഷവും ജൂൺ മുതൽ മാർച്ച് വരെ | യു.പി, എൽ.പി., എച്ച്. എസ് ഇംഗ്ലീഷ് , ഹിന്ദി അധ്യാപകർ | 2500 |
| 9. | ഭാഷാപരമായ കഴിവ് കുട്ടികളിൽ ഉണ്ടാക്കുക. (ഹിന്ദി) | 5-10 | • വായന<br>• എഴുത്ത് പരിശീലനം<br>• ലളിതമായ പുസ്തകങ്ങൾ ലഭ്യമാക്കൽ<br>• ക്ലബ്ബ് പ്രവർത്തനം<br>• വിദഗ്ധരുടെ ക്ലാസ് | | | 2500 |

| ക്രമ നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 10. | ഹിന്ദി പഠിക്കാനുള്ള താൽപര്യം സൃഷ്ടിക്കൽ | 5 - 10 | • ഹിന്ദി വായനാമത്സരം<br>• ഹിന്ദി ക്വിസ്<br>• ദിനാചരണങ്ങൾ ഹിന്ദിയിൽ<br>• വിദഗ്ധരുടെ ക്ലാസുകൾ<br>• മത്സരങ്ങളിലെ പങ്കാളിത്തം<br>• ഹിന്ദിയിൽ സെമിനാറുകൾ, ചർച്ച<br>• ഹിന്ദി അസംബ്ലി, ഹിന്ദി കോർണർ | എല്ലാ വർഷവും | യു.പി., എച്ച്. എസ് ഹിന്ദി അധ്യാപകർ | 3000 |
| 11. | ഹിന്ദി പഠനം രസകരമാക്കൽ | 6 - 10 | • പദപ്രശ്ന പൂരണം<br>• ഹിന്ദി ഭാഷാ ക്യാമ്പ്<br>• ഹിന്ദി കാർട്ടൂണുകൾ പരിചയപ്പെടൽ | 2018 ജൂൺ - മാർച്ച് | യു.പി., എച്ച്. എസ് ഹിന്ദി അധ്യാപകർ | 2500 |
| 12. | സംസ്കൃതത്തിൽ ഭാഷണ സാമർത്ഥ്യം മെച്ചപ്പെടുത്തൽ | 1 - 7 | • സംഭാഷണ സംസ്കൃതം<br>• സംസ്കൃതാവതരണം കേൾക്കാനുള്ള അവസരം<br>• ലഘുവായ പഠന തന്ത്രങ്ങളുടെ ആവിഷ്കാരം<br>• സംസ്കൃത അസംബ്ലി | എല്ലാ മാസവും | സംസ്കൃതാധ്യാപിക | - |
| 13. | വസ്തുക്കളുടെ ശേഖരണവും സംസ്കൃതനാമം പരിചയപ്പെടലും | 3-7 | • സംസ്കൃത പ്രദർശിനി<br>• പച്ചക്കറി, പഴങ്ങൾ, പൂക്കളുടെ ശേഖരണം<br>• നിത്യോപയോഗ സാധനങ്ങളുടെ ശേഖരണം<br>• ശേഖരിച്ചവയുടെ സംസ്കൃതനാമം പരിചയപ്പെടൽ<br>• ചാർട്ട് തയ്യാറാക്കൽ | എല്ലാ ടേമിലും | സംസ്കൃതാധ്യാപിക | |
| 14. | സംസ്കൃതത്തിൽ വാർത്ത വായന, ലേഖന സാമർത്ഥ്യം വളർത്തൽ | 3-7 | • വാർത്താ സംസ്കൃതം<br>• സംസ്കൃത വാർത്ത കേൾക്കാനും കാണാനും അവസരം<br>• സംസ്കൃത വാർത്ത വായന<br>• വാർത്താ പത്രിക നിർമ്മാണം<br>• വാർത്ത വായന പരിശീലനം<br>• അവതരണം | പ്രതിമാസം | സംസ്കൃതാധ്യാപിക, ക്ലാസധ്യാപകർ | 1000 |

| ക്രമ നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 15. | കളികളിലൂടെ സംസ്കൃത ജ്ഞാനം നേടൽ | 1 - 7 | • കായിക സംസ്കൃതം<br>• കളികളെ പറ്റിയുള്ള അറിവ്<br>• കളികൾക്കിടയിൽ സംസ്കൃത പദ ഉപയോഗം | പ്രതിമാസം | സംസ്കൃത അധ്യാപിക, കായിക അധ്യാപകർ | - |
| 16. | സംസ്കൃതത്തിൽ ഫീൽഡ് ട്രിപ്പ് | 3-7 | • സംസ്കൃതയാത്ര<br>• സംസ്കൃത ഗ്രാമ സന്ദർശനം<br>• മഹാന്മാരുടെയും കവികളുടെയും ഗൃഹസന്ദർശനം | വർഷത്തിൽ മൂന്നാം ടേം | സംസ്കൃത അധ്യാപിക, ക്ലാസധ്യാപകർ | 10000 |
| 17. | സാഹിത്യ പഠനയാത്ര | 1-7 | • സാഹിത്യവും സാംസ്കാരികവുമായി ബന്ധപ്പെട്ട സ്ഥലങ്ങളുടെ കണ്ടെത്തൽ<br>• പഠനയാത്ര<br>• അഭിമുഖം<br>• വിവരണം തയ്യാറാക്കൽ | മൂന്നാം ടേം | മലയാള അധ്യാപകർ | 15000 |
| 18. | മലയാളത്തിൽ സംവാദങ്ങൾ സംഘടിപ്പിക്കുക. | 3-7<br>8-10 | • പാഠഭാഗത്തിന് അനുയോജ്യമായ വിഷയങ്ങൾ കണ്ടെത്തൽ<br>• സംവാദങ്ങൾ നടത്തൽ<br>• റിപ്പോർട്ടുകൾ തയ്യാറാക്കൽ | ഓരോ ടേമിലും ഒന്ന് | യു.പി, എച്ച്. എസ് മലയാള അധ്യാപകർ | - |
| 19. | അധ്യാപക ശാക്തീകരണം (ഭാഷയിൽ) | സ്കൂളിലെ മുഴുവൻ ഭാഷാ അധ്യാപകർ | • ഭാഷാ വിഷയങ്ങളിലെ പാഠഭാഗത്ത് നിന്ന് പ്രധാന ആശയങ്ങൾ കണ്ടെത്തുന്നു<br>• വിദഗ്ധരുടെ വിഷയാധിഷ്ഠിത ക്ലാസുകൾ | രണ്ടാം ടേം | സ്കൂളിലെ ഇംഗ്ലീഷ്, മലയാളം, ഹിന്ദി സംസ്കൃത അധ്യാപകർ | 2000 |
| | **പിന്നോക്കാവസ്ഥ** | | | | | - |
| 20. | മലയാളം, ഇംഗ്ലീഷ്, ഗണിത മേഖലകളിൽ പിന്നോക്കക്കാരെ കണ്ടെത്തൽ | 1-10 | • പ്രീ ടെസ്റ്റ്<br>• പിന്നോക്കക്കാരെ കണ്ടെത്തൽ<br>• രക്ഷിതാക്കൾക്ക് ബോധവൽക്കരണം<br>• പ്രത്യേക പരിശീലനം (Helping Hand)<br>• ഭാഷാ ലാബ് | ജൂൺ - മാർച്ച് | ക്ലാസ് അധ്യാപകർ, ഭാഷാ അധ്യാപകർ | - |

| ക്രമ നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 21. | പിന്നോക്കക്കാർക്ക് പ്രത്യേക പരിശീലനം | 1-9 | • വായന കാർഡുകൾ ലഭ്യമാക്കൽ<br>• ചിത്രകഥകൾ പരിചയപ്പെടൽ<br>• കളികളിലൂടെ പഠനം<br>• മിടുക്കന്മാരെ ആദരിക്കൽ | ഒന്നാം ടേം | ക്ലാസ് അധ്യാപകർ | 1000 |
| 22. | വായന പരിപോഷണം (മലയാളം) | 1-9 | • ചിത്ര വായന<br>• പുസ്തക പരിചയം<br>• പത്രവായന<br>• പത്ര ക്വിസ്സ്, സാഹിത്യ ക്വിസ്<br>• ക്ലാസ് ലൈബ്രറി മെച്ചപ്പെടുത്തൽ<br>• തെറ്റുകൂടാതെയുള്ള വായന<br>• വായന മത്സരം<br>• അമ്മ വായന, ഗ്രന്ഥശാലാ സന്ദർശനം | അധ്യയന വർഷം മുഴുവൻ | ഭാഷാ അധ്യാപകർ | - |
| 23. | ലേഖനം മെച്ചപ്പെടുത്തൽ (മലയാളം) | 1-9 | • ചിത്ര വായന<br>• വായന കാർഡുകൾ പരിചയപ്പെടുത്തൽ<br>• വർക്ക് ഷീറ്റ് ഉപയോഗപ്പെടുത്തൽ<br>• കഥാപൂരണം | ഒന്നാം ടേം | എൽ.പി, യു.പി, എച്ച്. എസ് മലയാളം അധ്യാപകർ | 1000 |
| 24. | ഭിന്നശേഷിക്കാർക്ക് പരിശീലനം (ഇംഗ്ലീഷ്) | 3-10 | • വായന കാർഡുകൾ പരിചയപ്പെടൽ<br>• ലളിതമായ പുസ്തകങ്ങൾ വിതരണം ചെയ്യൽ<br>• ICT ഉപയോഗം<br>• വർക്ക് സീറ്റുകളുടെ ഉപയോഗം | ജൂൺ - സെപ്റ്റംബർ | എൽ.പി., യു.പി, എച്ച്. എസ്ഇംഗ്ലീഷ് അധ്യാപ കർ, IEDC ടീച്ചർ | 3000 |
| 25. | വിവിധ ക്ലാസ്സുകളിൽ പാഠ്യപദ്ധതി വിവരണം ചെയ്യുന്നു. ശേഷികൾ കൈവരിക്കുക. | 1-10 | • താരതമ്യം<br>• നിഗമന രൂപീകരണം<br>• വർഗ്ഗീകരണം<br>• ICT സാധ്യത<br>• ഗണിത<br>• പഠനോപകരണങ്ങൾ | എല്ലാ വർഷവും ജൂൺ മുതൽ മാർച്ച് വരെ | യു.പി, എൽ.പി., എച്ച്. എസ് ഗണിത അധ്യാപകർ | - |

| ക്രമ നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 26. | ഗണിതത്തിൽ താഴ്ന്ന നിലയിൽ വാരമുള്ള കുട്ടികൾക്ക് വേണ്ടിയുള്ള പരിശീലനം. | 1 to 8 | • പ്രത്യേക ക്ലാസുകൾ<br>• അടിസ്ഥാന ആശയം ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>• ICT സാധ്യത ഉപയോഗപ്പെടുത്തൽ<br>• കളികളിലൂടെ പഠനം<br>• വർക്ക് ഷീറ്റുകളുടെ ഉപയോഗം | ജൂൺ മുതൽ സെപ്റ്റംബർ വരെ | യു.പി, എൽ.പി., എച്ച്. എസ് മാത്‌സ് അധ്യാപകർ | - |
| 27. | ഗണിത നിലവാരം കണ്ടെത്തൽ | 3-10 | • പ്രീ ടെസ്റ്റ്<br>• കുട്ടികളെ പട്ടികപ്പെടുത്തൽ<br>• രക്ഷിതാക്കളുടെ യോഗം<br>• മെച്ചപ്പെടുത്തേണ്ട മേഖലകൾ കണ്ടെത്തൽ<br>• പരിഹാര പ്രവർത്തനങ്ങൾ<br>• പോസ്റ്റ് ടെസ്റ്റ് | ഒന്ന് രണ്ട് ടേം | യു.പി, എൽ.പി., എച്ച്. എസ് മാത്‌സ് അധ്യാപകർ | - |
| 28. | ഗണിതത്തിൽ പഠനസാമഗ്രികളുടെ ഉപയോഗം | 1-10 | • പിന്നോക്കക്കാരെ ഗ്രൂപ്പുകളാക്കൽ<br>• ഗണിതാശയങ്ങൾ കണ്ടെത്തൽ<br>• കുട്ടികളെ പട്ടിപ്പെടുത്തൽ<br>• ഗണിത സാമഗ്രികൾഉപയോഗിച്ച് പഠനം ലളിതമാക്കുന്നു. | അധ്യയന വർഷം 1, 2 ടേമുകൾ | യു.പി, എൽ.പി., എച്ച്. എസ് മാത്‌സ് അധ്യാപകർ | - |
| 29. | ഗണിതത്തിലെ പിന്നോക്കകാർക്ക് ഐടി സാധ്യതകൾ ഉപയോഗപ്പെടുത്തൽ | 1-10 | • പ്രയാസമുള്ള ഭാഗങ്ങൾ കണ്ടെത്തൽ<br>• ഐടി സാധ്യതകൾ കണ്ടെത്തൽ ഉപയോഗപ്പെടുത്തൽ<br>• പുതിയ സന്ദർഭങ്ങൾക്കുള്ളിൽ ഉപയോഗപ്പെടുത്തൽ | 2, 3 ടേമുകൾ | | - |
| 30. | ഗണിതാന്തരീക്ഷം സൃഷ്ടിക്കൽ | 1 മുതൽ 10 വരെ | • ക്ലാസ് മുറികളിലെ 3 മുറികളിൽ ചുമരുകളിൽ ഗണിത ചിത്രങ്ങൾ വരച്ച് ഗണിതാന്തരീക്ഷം ഒരുക്കൽ | ജനുവരി 2025 | ഗണിതാധ്യാപകർ, കലാ അധ്യാപകനും | 15000 |

| ക്രമ നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 31. | ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | 3 മുതൽ 7 വരെ | • ചതുഷ്ക്രിയകൾ ഐറ്റി സാധ്യത ഉപയോഗിച്ചും ഗെയിമുകളിലൂടെയും പരിശീലിപ്പിക്കൽ<br>• മഞ്ചാടിക്കുരു, മുത്തുകൾ, ഈർക്കിലി തുടങ്ങിയവ ഉപയോഗിച്ചുള്ള ക്രിയകൾ<br>• കുസൃതി കണക്ക് , മനക്കണക്ക് | ജൂൺ മുതൽ മാർച്ച് വരെ | ഗണിതാധ്യാപകർ | 5000 |
| 32. | ഗണിതം മധുരമാക്കൽ | 1 മുതൽ 7 വരെ | • കുസൃതി കണക്ക്, പസിൽ<br>• മനക്കണക്ക്, മാന്ത്രികചതുരം<br>• ഗണിത ക്വിസ്<br>• സംഖ്യ മാല<br>• ആൽബനിർമ്മാണം | ജൂൺ മുതൽ മാർച്ച് വരെ | ഗണിതാധ്യാപകർ (എൽ.പി., യു.പി) | 5000 |
| 33. | ഗണിതലാബ് സജ്ജീകരിക്കൽ | 5 മുതൽ 12 വരെ | • ആവശ്യമായ മുറി കണ്ടെത്തൽ, ഫർണിച്ചർ<br>• എൽസിഡി പ്രൊജക്ടർ, കമ്പ്യൂട്ടർ, സിഡി ലഭ്യമാക്കൽ<br>• ഗണിത സാമഗ്രികൾ ലിസ്റ്റ് ചെയ്യുക<br>• 5-10 ഗണിത പഠനം ലളിതമാക്കുന്നതിന് ഉതകുന്ന പഠനോപകരണങ്ങൾ നിർമ്മിക്കലും ആവശ്യമായവ വാങ്ങുക.<br>• ഗണിത പ്രതിഭകളുടെ ചിത്രങ്ങൾ പ്രദർശിപ്പിക്കുക<br>• മേൽനോട്ടം (HM & PTA) | 2024 ജൂൺ | ഗണിതാധ്യാപകർ (എൽ.പി., യു.പി, എച്ച്.എസ്.എസ്) | 20000 |
| 34. | ഗണിതത്തിൽ താൽപര്യം വളർത്തൽ | 3 മുതൽ 12 വരെ | • ഗണിത പസിലുകൾ, ഗെയിമുകൾ ശേഖരിക്കൽ, ഗണിത എക്സിബിഷൻ | ജൂൺ മുതൽ ഡിസംബർ വരെ | ഗണിതാധ്യാപകർ (എൽ.പി., യു.പി, എച്ച്.എസ്.എസ്) | 5000 |

| ക്രമ നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 35. | ഗണിതമേളകളിലെ പങ്കാളിത്തം | 3 മുതൽ 10 വരെ | • ഗണിത മേളകളിലെ ഇനങ്ങൾക്കാവശ്യമായ കുട്ടികളുടെ തെരഞ്ഞെടുപ്പ്<br>• പ്രത്യേക പരിശീലനങ്ങൾ<br>• വിദഗ്ധരുടെ സേവനം<br>• ചാർട്ടുകൾ, പ്രൊജക്ടുകൾ, മോഡലുകൾ തയ്യാറാക്കൽ<br>• ഉൽപ്പന്നങ്ങൾ സ്കൂൾ ശാസ്ത്രമേളയിൽ അവതരിപ്പിക്കൽ<br>• മേളയിലെ പങ്കാളിത്തം<br>• വിജയികളെ ആദരിക്കൽ | എല്ലാ അധ്യയന വർഷവും | ഗണിതാധ്യാപകർ (എൽ.പി., യു.പി, എച്ച്.എസ്.എസ്) | 5000 |
| 36. | ഗണിത ക്ലബ്ബ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കൽ | 5 മുതൽ 10 വരെ<br><br>5 മുതൽ 12 വരെ | • ഗണിത ക്ലബ്ബ് രൂപീകരണം<br>• ഗണിത മൂല<br>• ഗണിത സെമിനാർ (രാമാനുജൻ, ഭാസ്കരാചാര്യർ പൈതഗോറസ് ....)<br>• ഉപകരണ നിർമ്മാണം<br>• ശാസ്ത്രമേളകളിലേക്കുള്ള ഒരുക്കം<br>• ഗണിത ക്വിസ്സുകൾ നടത്തൽ<br>• ഗണിത ഉൽപ്പന്നങ്ങളുടെ പ്രദർശനം<br>• വിദഗ്ധ ക്ലാസുകൾ സംഘടിപ്പിക്കൽ<br>• ഗണിത ദിനാചരണങ്ങൾ | എല്ലാ വർഷവും ജൂൺ മുതൽ ജനുവരി വരെ | | 5000 |
| 37. | ഗണിത ലൈബ്രറി | 8, 9, 10 | • ഗണിത ഗ്രന്ഥങ്ങൾ ശേഖരിച്ച് ഗണിത ലൈബ്രറി രൂപീകരിക്കുക.<br>• ആഴ്ചയിൽ ഒരു മണിക്കൂർ ലൈബ്രറി പുസ്തക വിനിയോഗം<br>• പൊതുജനങ്ങളിൽ നിന്ന് ഗണിത ഗ്രന്ഥശേഖരണം<br>• ഗണിത പതിപ്പുകൾ, മാഗസിനുകൾ ശേഖരിക്കൽ | 2025 ജനുവരി | | 10000 |

| ക്രമ നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 35. | ഗണിതമേളകളിലെ പങ്കാളിത്തം | 3 മുതൽ 10 വരെ | • ഗണിത മേളകളിലെ ഇനങ്ങൾക്കാവശ്യമായ കുട്ടികളുടെ തെരഞ്ഞെടുപ്പ്<br>• പ്രത്യേക പരിശീലനങ്ങൾ<br>• വിദഗ്ധരുടെ സേവനം<br>• ചാർട്ടുകൾ, പ്രൊജക്ടുകൾ, മോഡലുകൾ തയ്യാറാക്കൽ<br>• ഉൽപ്പന്നങ്ങൾ സ്കൂൾ ശാസ്ത്രമേളയിൽ അവതരിപ്പിക്കൽ<br>• മേളയിലെ പങ്കാളിത്തം<br>• വിജയികളെ ആദരിക്കൽ | എല്ലാ അധ്യയന വർഷവും | ഗണിതാധ്യാപകർ (എൽ.പി., യു.പി, എച്ച്.എസ്.എസ്) | 5000 |
| 36. | ഗണിത ക്ലബ്ബ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കൽ | 5 മുതൽ 10 വരെ<br><br>5 മുതൽ 12 വരെ | • ഗണിത ക്ലബ്ബ് രൂപീകരണം<br>• ഗണിത മൂല<br>• ഗണിത സെമിനാർ (രാമാനുജൻ, ഭാസ്കരാചാര്യർ പൈതഗോറസ് ....)<br>• ഉപകരണ നിർമ്മാണം<br>• ശാസ്ത്രമേളകളിലേക്കുള്ള ഒരുക്കം<br>• ഗണിത ക്വിസ്സുകൾ നടത്തൽ<br>• ഗണിത ഉൽപ്പന്നങ്ങളുടെ പ്രദർശനം<br>• വിദഗ്ധ ക്ലാസുകൾ സംഘടിപ്പിക്കൽ<br>• ഗണിത ദിനാചരണങ്ങൾ | എല്ലാ വർഷവും ജൂൺ മുതൽ ജനുവരി വരെ | ഗണിതാധ്യാപകർ (എൽ.പി., യു.പി, എച്ച്.എസ്.എസ്) | 5000 |
| 37. | ഗണിത ലൈബ്രറി | 8, 9, 10 | • ഗണിത ഗ്രന്ഥങ്ങൾ ശേഖരിച്ച് ഗണിത ലൈബ്രറി രൂപീകരിക്കുക.<br>• ആഴ്ചയിൽ ഒരു മണിക്കൂർ ലൈബ്രറി പുസ്തക വിനിയോഗം<br>• പൊതുജനങ്ങളിൽ നിന്ന് ഗണിത ഗ്രന്ഥശേഖരണം<br>• ഗണിത പതിപ്പുകൾ, മാഗസിനുകൾ ശേഖരിക്കൽ | 2025 ജനുവരി | ഗണിതക്ലബ് | 10000 |

| ക്രമ നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 38. | ഗണിത ക്യാമ്പുകൾ | 8, 9, 10 | • വിഷയത്തിൽ മേഖലകൾ കണ്ടെത്തൽ<br>• ക്യാമ്പുകൾ സംഘടിപ്പിക്കൽ<br>• അവലോകനം | എല്ലാ ടേമിലും ഒന്ന് | എച്ച്.എസ് ഗണിതഅധ്യാപകർ | 1000 |
| 39. | ഗണിതകേളികൾ | 5 മുതൽ 10 വരെ | • 5 മുതൽ 10 വരെ ഗണിത പാഠഭാഗങ്ങളിലെ പ്രധാന ആശയങ്ങൾ പട്ടികപ്പെടുത്തൽ<br>• ഓരോ ഭാഗത്തിനും അനുയോജ്യമായ ഗണിതകേളികൾ നിർമ്മിക്കൽ | 2019 ജനുവരി | യു.പി, എച്ച്.എസ് ഗണിതഅധ്യാപകർ | 500 |
| 40. | പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന ശേഷികൾ ആർജിക്കൽ | 1 - 10 ക്ലാസ്സുകൾ | • നിരീക്ഷണം<br>• നിഗമനം<br>• ഫീൽഡ് ട്രിപ്പ്<br>• സംവാദം<br>• ചർച്ച<br>• റഫറൻസ് പുസ്തകങ്ങൾ<br>• ഗ്രൂപ്പ് ചർച്ചകൾ<br>• നാടകീകരണം | ജൂൺ മുതൽ ഫെബ്രുവരി | എൽ. പി., യു.പി, എച്ച്.എസ് സാമൂഹ്യ ശാസ്ത്ര അധ്യാപകർ | - |
| 41. | കുട്ടികളിൽ ഭൂപട, ഗ്ലോബ് പഠനത്തിൽ താൽപര്യം വളർത്തുക | 3 - 10 ക്ലാസ്സുകൾ | • ക്ലാസ് മുറികളിൽ ആവശ്യത്തിന് ഭൂപടം, ബ്ലോഗ് അറ്റ്ലസ് എന്നിവ ലഭ്യമാക്കൽ<br>• കുട്ടികൾക്ക് ഔട്ട്ലൈൻ മാപ്പിൽ നിരന്തര പരിശീലനം<br>• സ്കൂൾ ചുവരുകളിൽ ഭൂപടങ്ങൾ വരക്കൽ<br>• ഔട്ട്ലൈൻ മാപ്പുകളുടെ ഉപയോഗം<br>• സ്വന്തമായി ഭൂപടം തയ്യാറാക്കൽ<br>• എല്ലാ ക്ലാസിലും പത്രം എത്തിക്കുക. | അധ്യയന വർഷം മുതൽ എല്ലാ | സാമൂഹ്യ ശാസ്ത്രം അധ്യാപകർ | 5000 |

| ക്രമ നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 42. | കുട്ടികളിൽ പൊതുവിജ്ഞാന മേഖലയിൽ താല്പര്യം വളർത്തുക. | 4 മുതൽ 10 വരെ ക്ലാസ്സുകളിൽ | • മാസത്തിൽ ഒരു ദിവസം വീതം പത്രവാർത്ത ക്വിസ് നടത്തുക<br>• എല്ലാ ക്ലാസിലും നോട്ടീസ് ബോർഡ് സ്ഥാപിക്കുക<br>• നോട്ടീസ് ബോർഡിൽ ദിവസവും 5 വീതം പൊതുവിജ്ഞാന ചോദ്യങ്ങൾ ഉത്തരങ്ങൾ പ്രദർശിപ്പിക്കുക<br>• എല്ലാ മാസവും ഒരു ദിവസം വിദഗ്ധരുടെ ക്ലാസുകൾ<br>• വിവിധ മത്സരത്തിൽ കുട്ടികളെ പങ്കെടുപ്പിക്കാൻ<br>• വിജയികളെ ആദരിക്കൽ<br>• ചരിത്രപരമായി പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുക | എല്ലാ വർഷവും ജൂൺ മുതൽ ഫെബ്രുവരി വരെ | സാമൂഹ്യ ശാസ്ത്രം യു.പി., എച്ച്.എസ് അധ്യാപകർ | 3000 |
| 43. | കുട്ടികളിൽ ചരിത്രബോധം വളർത്തുക | 7, 8, 9, 10 ക്ലാസ്സുകളിൽ | • ചരിത്ര ഗ്രന്ഥങ്ങൾ ക്ലാസുകളിൽ ലഭ്യമാക്കാൻ<br>• വിദഗ്ധരുടെ ചരിത്ര ക്ലാസുകൾ<br>• റോൾ പ്ലേ<br>• ചരിത്ര സെമിനാറുകൾ സംഘടിപ്പിക്കൽ | അധ്യയന വർഷം മുഴുവൻ | സാമൂഹ്യ ശാസ്ത്രം യു.പി., എച്ച്.എസ് അധ്യാപകർ | 3000 |
| 44. | പ്രാദേശിക ചരിത്രരചനയിൽ അഭിരുചി വളർത്തൽ | 5 മുതൽ 10 വരെ ക്ലാസ്സുകളിൽ | • പ്രാദേശികമായി ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ സന്ദർശനം<br>• ആവശ്യമായ പുസ്തകങ്ങൾ ലഭ്യമാക്കൽ<br>• പ്രാദേശികമായി മുതിർന്ന വ്യക്തികളുമായി അഭിമുഖം<br>• പ്രാദേശിക ചിത്രപരചന മേളകളുടെ പങ്കാളിത്തം (പ്രാദേശിക ചരിത്ര രചനയിൽ) | ഒന്നാം ടേം | സാമൂഹ്യ ശാസ്ത്രം യു.പി. അധ്യാപകർ | 2000 |

| ക്രമ നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 45. | ഇന്ത്യയുടെ സ്വാതന്ത്ര്യ സമര ചരിത്രം പരിചയപ്പെടുത്തലും ദേശീയബോധം വളർത്തലും | 7-ാം തരം കുട്ടികൾ | • ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രം പ്രധാന ആശയങ്ങൾ കണ്ടെത്തൽ<br>• ഐടി സാധ്യത ഉപയോഗപ്പെടുത്തൽ<br>• നാടകാവിഷ്കാരം<br>• ടൈം ലൈൻ തയ്യാറാക്കൽ<br>• ക്വിസ് ചോദ്യാവലി തയ്യാറാക്കൽ<br>• സ്വാതന്ത്ര്യസമര ഗ്രന്ഥങ്ങൾ പരിചയപ്പെടൽ | എല്ലാ വർഷവും നവംബർ മാസം | സാമൂഹ്യ ശാസ്ത്രം യു.പി. അധ്യാപകർ | 3000 |
| 46. | ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | എൽ.പി., യു.പി. എച്ച്.എസ് വിദ്യാർത്ഥികൾ | • പാഠഭാഗവുമായി ബന്ധപ്പെട്ട് പോകേണ്ട സ്ഥലങ്ങൾ കണ്ടെത്തൽ<br>• ചോദ്യാവലി തയ്യാറാക്കൽ<br>• വിവിധ വിഷയങ്ങളുമായി ബന്ധിപ്പിക്കൽ<br>• അഭിമുഖം<br>• റിപ്പോർട്ട് തയ്യാറാക്കൽ | എല്ലാ അധ്യയന വർഷവും ജൂൺ മുതൽ ഫെബ്രുവരി വരെ | എൽ. പി., യു.പി, എച്ച്.എസ് സാമൂഹ്യ ശാസ്ത്ര അധ്യാപകർ | 5000 |
| 47. | ഐസിടി സാധ്യതയിലൂടെ സാമൂഹ്യ ശാസ്ത്ര പഠനം രസകരമാക്കൽ | യു.പി. എച്ച്.എസ് വിദ്യാർത്ഥികൾ | • ഐടി സാധ്യതയുള്ള സാമൂഹ്യ ശാസ്ത്ര പാഠഭാഗങ്ങൾ കണ്ടെത്തൽ<br>• എസ് ആർ ജിയിൽ ചർച്ച നടത്തുന്നു.<br>• വിവരങ്ങൾ, ചിത്രങ്ങൾ, ശേഖരിക്കൽ<br>• ദൃശ്യമാധ്യമ സഹായത്താൽ കുട്ടികളിൽ എത്തിക്കൽ<br>• കുറിപ്പ് തയ്യാറാക്കൽ | എല്ലാ അധ്യയന വർഷവും | സാമൂഹ്യ ശാസ്ത്രം യു.പി. അധ്യാപകർ | - |
| 48. | സ്കൂളുകളിൽ ചരിത്രം സ്ഥാപിക്കൽ (ചരിത്രവസ്തുതകൾ നേരിട്ട് നിരീക്ഷിച്ചുള്ള പഠനം) | സ്കൂളിലെ എല്ലാ കുട്ടികൾക്കും അധ്യാപകർക്കും വേണ്ടി | • ചരിത്ര മ്യൂസിയത്തിന് ആവശ്യമായ മുറി കണ്ടെത്തുക<br>• മുറിയെ ചരിത്ര മ്യൂസിയത്തിന് ഉതകുന്ന രീതിയിൽ ക്രമീകരിക്കുക<br>• ചരിത്ര വസ്തുക്കൾ ശേഖരിക്കുക<br>• പ്രദർശനം<br>• കൂടുതൽ വസ്തുക്കൾ ശേഖരിക്കാൻ നിർദ്ദേശം നൽകുക | അധ്യയന വർഷം മുഴുവൻ | എൽ. പി., യു.പി, എച്ച്.എസ് സാമൂഹ്യ ശാസ്ത്ര അധ്യാപകർ | 10000 |

| ക്രമ നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 49. | കുട്ടികളിൽ ആൽബ നിർമ്മാണത്തിൽ താല്പര്യം വളർത്തുക | 3 മുതൽ 10 വരെ ക്ലാസ്സിലെ കുട്ടികൾക്ക് | • ആൽബത്തിന് വേണ്ട നിർദ്ദേശങ്ങൾ / വിഷയങ്ങൾ നൽകുക<br>• ചിത്രങ്ങൾ ശേഖരിക്കാൻ<br>• ബുക്കുകൾ തയ്യാറാക്കൽ<br>• ആൽബം തയ്യാറാക്കൽ<br>• പ്രദർശനം<br>• ചിത്രങ്ങൾ/ വാർത്തകൾ കൂട്ടിച്ചേർക്കൽ | ജൂൺ മുതൽ ഡിസംബർ വരെ | എൽ. പി., യു.പി, എച്ച്.എസ് സാമൂഹ്യ ശാസ്ത്ര അധ്യാപകർ | 3000 |
| 50. | കുട്ടികളിൽ ജനാധിപത്യബോധം വളർത്തിയെടുക്കുക | 5 മുതൽ 10 വരെ ക്ലാസ്സിലെ കുട്ടികൾക്ക് | • ജനാധിപത്യ ആശയം പരിചയപ്പെടുത്തൽ<br>• സ്കൂൾ പാർലമെന്റ് ഇലക്ഷൻ മാതൃകാപരമായി നടത്തൽ<br>• മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ<br>• ചർച്ചകൾ, സംവാദങ്ങൾ നടത്തൽ<br>• നിത്യജീവിതത്തിൽ ജനാധിപത്യ ശീലം അനുവർത്തിക്കൽ | രണ്ട് മൂന്ന് ടേം | യു.പി, എച്ച്.എസ് സാമൂഹ്യ ശാസ്ത്ര അധ്യാപകർ | 5000 |
| 51. | പഠനോപകരണങ്ങൾ നിർമ്മാണം | യു.പി. എച്ച്. എസ് അധ്യാപകർ, വിദ്യാർത്ഥി കൾ | • സാമൂഹ്യശാസ്ത്രത്തിലെ വിവിധ പാഠഭാഗങ്ങൾക്ക് അനുയോജ്യമായ പഠനോപകരണങ്ങൾ ലിസ്റ്റ് ചെയ്യുക<br>• അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കൽ വിദഗ്ധരുടെ ക്ലാസുകൾ<br>• പഠനോപകരണ നിർമ്മാണം<br>• പഠനോപകരണ വിനിയോഗം<br>• ഹെഡ്മാസ്റ്ററുടെ മേൽനോട്ടം | എല്ലാ വർഷവും 2-ാം ടേം | യു.പി, എച്ച്.എസ് സാമൂഹ്യ ശാസ്ത്ര അധ്യാപകർ | 15000 |
| 52. | പാഠ്യ പദ്ധതി വിഭാവനം ചെയ്യുന്ന ശേഷികൾ കൈവരിക്കുക. | 1-10 കുട്ടി കൾ | • പരീക്ഷണം, നിരീക്ഷണം, ചർച്ച<br>• നിഗമന രൂപീകരണം, പ്രോജക്ടുകൾ<br>• ഐസിടി സാധ്യതകൾ<br>• റഫറൻസ് പുസ്തകങ്ങൾ എന്നിവ ഉപയോഗിച്ചുള്ള പഠനം | ജൂൺ മുതൽ ഫെബ്രുവരി വരെ | സയൻസ് അധ്യാപകർ | |

| ക്രമ നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 53. | കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തുക. | 1 മുതൽ 10 വരെ | • ശാസ്ത്ര അസംബ്ലി - ശാസ്ത്ര ദിനങ്ങളിൽ<br>• ക്വിസ് മത്സരങ്ങൾ<br>• മികച്ച ശാസ്ത്രപുസ്തകങ്ങളുടെ വായനക്കുറിപ്പ്<br>• ശാസ്ത്ര വിദഗ്ധർ പരിസ്ഥിതി പ്രവർത്തകർ എന്നിവരുമായി അഭിമുഖം ശാസ്ത്ര ക്ലാസുകൾ<br>• മഹാന്മാരായ സഹൃദയന്മാരുടെ ഫോട്ടോ പ്രദർശനം<br>• സ്കൂൾതലമേളകൾ<br>• ഉപജില്ലാ, ജില്ലാ മത്സരങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കൽ<br>• ദിനാചരണങ്ങൾ, റാലി ബോധവൽക്കരണ ക്ലാസുകൾ, സിഡി പ്രദർശനം<br>• ശാസ്ത്ര പതിപ്പ്<br>• വിവിധതരം ശേഖരണങ്ങൾ<br>• സെമിനാറുകൾ<br>• പ്രൊജക്റ്റ് | ജൂൺ മുതൽ ഫെബ്രുവരി വരെ | ശാസ്ത്ര അധ്യാപകർ, കുട്ടികൾ, രക്ഷിതാക്കൾ, പി.ടി.എ | 6000<br>5000 |
| 54. | നിത്യജീവിതവുമായി ബന്ധപ്പെട്ട ശാസ്ത്ര തത്വങ്ങൾ തിരിച്ചറിയുന്നതിന് | 1-10 കുട്ടികൾ | • വീട്ടിലും ചുറ്റുപാടുമുള്ള ശാസ്ത്രീയ തത്വങ്ങൾ നിരീക്ഷിച്ചു കണ്ടെത്തുന്നു.<br>• നിഗമനങ്ങൾ ക്ലാസ്സിൽ അവതരിപ്പിക്കുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ശാസ്ത്ര അധ്യാപകർ (എൽ.പി, യു.പി, എച്ച്.എസ്) | - |
| 55. | രസകരമായ ശാസ്ത്ര പഠനം | | • ലാബ് പരീക്ഷണങ്ങളിൽ ഏർപ്പെടൽ<br>• ഫീൽഡ് ട്രിപ്പ്<br>• ഐസിടി സാധ്യത<br>• സംവാദം<br>• മെഡിക്കൽ ക്യാമ്പ്<br>• ലഘുപരീക്ഷണ ശില്പശാല<br>• പാഴ് വസ്തുക്കൾ ഉപയോഗിച്ച് ശാസ്ത്രോപകരണ നിർമ്മാണം<br>• വ്യവസായശാല ഖാദി യൂണിറ്റ്,പ്ലാസ്റ്റിക്<br>• സെന്റർ ഫാം എന്നിവ സന്ദർശിക്കൽ<br>• ശാസ്ത്ര ഫിലിമുകൾ | ജൂൺ മുതൽ മാർച്ച് വരെ | ശാസ്ത്ര അധ്യാപകർ (എൽ.പി, യു.പി, എച്ച്.എസ്) | 10000 |

| ക്രമ നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 56. | സ്വയം നിർമാണത്തിലൂടെ ശാസ്ത്രതത്വങ്ങൾ തിരിച്ചറിയുന്നു | 5 മുതൽ 10 വരെ | • ശാസ്ത്ര ആൽബനിർമാണം<br>• സോപ്പ് , ചന്ദനത്തിരി, ചോക്ക്, കടലാസ് , പേന എന്നിവയുടെ നിർമ്മാണം<br>• പരീക്ഷണത്തിന് ആവശ്യമായ പ്രാദേശിക വസ്തു ശേഖരണം | ജൂൺ മുതൽ ജനുവരി വരെ | ശാസ്ത്ര അധ്യാപകർ (യു.പി, എച്ച്.എസ്) | 2000 |
| 57. | ലാബ് നവീകരണം | യു.പി. എച്ച്.എസ് കുട്ടികൾ | • നിലവിലുള്ള ശാസ്ത്രപോഷിണി ലാബ് സാധനങ്ങൾ പൂർണമായും പ്രവർത്തനസജ്ജമാക്കൾ<br>• 5 മുതൽ 10 വരെ ക്ലാസുകളിലേക്ക് ആവശ്യമായ ലാബ് സാമഗ്രികൾ പട്ടികപ്പെടുത്തൽ<br>• ലാബ് സാധനങ്ങൾ വാങ്ങൽ<br>• ശാസ്ത്ര ക്ലാസുകൾ ലാബിലേക്ക്<br>• യുപി വിഭാഗത്തിൽ മിനി ശാസ്ത്രലാബ് സ്ഥാപിക്കൽ | 2025 ജനുവരി | ഹെഡ്മാസ്റ്റർ, ശാസ്ത്ര അധ്യാപകർ ( യു.പി, എച്ച്.എസ്) | 50000 |
| 58. | പഠന വൈകല്യമുള്ള കുട്ടികളുടെ സ്ഥിതി മെച്ചപ്പെടുത്തൽ | പഠന വൈകല്യമുള്ള/ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ | • പഠന വൈകല്യമുള്ള കുട്ടികളെ കണ്ടെത്തൽ<br>• പ്രത്യേക ക്ലാസുകൾ<br>• വിദഗ്ധരുടെ സേവനം<br>• കളികളിലൂടെ പഠനം<br>• മോണിറ്ററിംഗ് - എച്ച് എം | അധ്യയന വർഷം മുഴുവൻ | IEDC ടീച്ചർ | 5000 |
| 59. | പഠന വൈകല്യമുള്ള കുട്ടികൾക്കുള്ള പ്രോത്സാഹന നടപടികൾ | പഠന വൈകല്യമുള്ള/ കുട്ടികൾ, രക്ഷിതാക്കൾ | • ഈ മേഖലയിലുള്ള കുട്ടികളുടെ രക്ഷിതാക്കളുടെ ബോധവൽക്കരണം<br>• പഠനോപകരണങ്ങൾ, കളി ഉപകരണങ്ങൾ ലഭ്യമാക്കൽ<br>• ഈ കുട്ടികൾക്കും രക്ഷിതാക്കൾക്കും ആയി വിനോദയാത്ര സംഘടിപ്പിക്കൽ<br>• പ്രത്യേക പരിശീലനങ്ങൾ, കൗൺസിലിംഗ്<br>• ഐസിടി ഉപയോഗം | എല്ലാ വർഷവും | IEDC ടീച്ചർ | 20000 |

| ക്രമ നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 60. | എസ്എസ്എൽസി പ്ലസ്ടുവിന് 100% വിജയം ലക്ഷ്യമിട്ട് പ്രവർത്തനങ്ങൾ | 10-ാം തരം കുട്ടികൾ, 12-ാം തരം കുട്ടികൾ | • 10, 12 കുട്ടികൾക്ക് പ്രത്യേക പരിശീലനങ്ങൾ<br>• പിന്നോക്ക വിഭാഗക്കാർക്ക് പ്രത്യേക ക്ലാസുകൾ<br>• 10, 12 കുട്ടികളുടെ സന്ദർശനം<br>• രക്ഷിതാക്കൾക്ക് ബോധവൽക്കരണം<br>• മാതൃകാ പരീക്ഷകൾ<br>• വിജയികളെ ആദരിക്കൽ<br>• അവലോകനം | എല്ലാ വർഷവും രണ്ട്, മൂന്ന് ടേമുകൾ | ഹെഡ്മാസ്റ്റർ, സ്റ്റാഫ് സെക്രട്ടറി, പി.ടി.എ | 15000 |
| 61. | കലാരംഗത്ത്  മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന വരെ പ്രോത്സാഹിപ്പിക്കൽ | 1-12 | • വിവിധ കലാ വിഭാഗങ്ങളിൽ മികവ് പുലർത്തുന്നവരെ കണ്ടെത്തുക സ്കൂൾ തല മേളകളിൽ പങ്കെടുപ്പിക്കുക.<br>• സ്കൂൾതലത്തിൽ ലഭ്യമാക്കാൻ കഴിയുന്ന പരിശീലനങ്ങൾ നൽകുക.<br>• മറ്റു സഹായങ്ങൾ ലഭ്യമാക്കുക.<br>• സബ്ജില്ലാ ജില്ലാതലങ്ങളിൽ പരമാവധി പങ്കാളിത്തം ഉറപ്പാക്കുക | ഒന്ന്, രണ്ട്, ടേമുകൾ | ക്ലാസധ്യാപകൻ | 5000 |
| 62. | കായികരംഗത്തെ മികച്ച താരങ്ങളെ കണ്ടെത്തി പരിശീലിപ്പിക്കൽ | 1-12 | • ക്ലാസ് തല മത്സരങ്ങൾ സംഘടിപ്പിക്കുക<br>• പ്രത്യേക പരിശീലനങ്ങൾ<br>• സ്കൂൾതല മേളകളിലെ പങ്കാളിത്തം<br>• ഹോക്കി, നീന്തൽ മേഖലയിൽ പ്രത്യേക പരിശീലനം<br>• വിദഗ്ധ ക്ലാസുകൾ വിവിധ മത്സരങ്ങളിൽ പങ്കെടുപ്പിക്കൽ | ഒന്ന്, രണ്ട്, ടേമുകൾ | ക്ലായികാധ്യാപകൻ | 2000 |
| 63. | കുട്ടികളിൽ കായികരംഗത്തെ താല്പര്യമുറപ്പിക്കൽ | 1- 12 | • പ്രത്യേക കായിക ക്ലാസുകൾ<br>• മാസ്ഡ്രിൽ കായികതാരങ്ങളെ സ്കൂളിലെത്തിച്ച് പരിചയപ്പെടുത്തൽ<br>• മാർച്ച് പാസ്റ്റ്<br>• കായിക താരങ്ങളെ ആദരിക്കൽ<br>• കായിക സിഡി പ്രദർശനം<br>• സ്പോർട്സ് ക്വിസ് | എല്ലാ അധ്യയന വർഷവും ജൂൺ മുതൽ ഡിസംബർ വരെ | ക്ലായികാധ്യാപകൻ, ക്ലാസധ്യാപകർ | |

| ക്രമ നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 64. | കായിക വികസന സൗകര്യം മെച്ചപ്പെടുത്തൽ | 1- 12 | • 1 മുതൽ 12 വരെ കുട്ടികൾക്ക് ആവശ്യമായ കായിക ഉപകരണങ്ങൾ ലഭ്യമാക്കുക.<br>• ഗ്രൗണ്ട് സൗകര്യം വർദ്ധിപ്പിക്കുക.<br>• സ്പോൺസർഷിപ്പുകൾ ഏർപ്പെടുത്തുക<br>• ഉന്നത വിജയികളെ ആദരിക്കൽ | 2024 ഡിസംബർ | ക്ലായികാധ്യാപകൻ, പി.ടി.എ വ്യക്തികൾ | 30000 |
| 65. | കായിക മേഖലയിൽ പ്രത്യേക പരിശീലനം | 4-12 | • അവധിക്കാല കായിക പരിശീലനം | എല്ലാ വർഷവും ഏപ്രിൽ, മെയ് | ക്ലായികാധ്യാപകൻ, പി.ടി.എ വ്യക്തികൾ | 50000 |
| **കലാരംഗം** | | | | | | |
| 66. | ബാലപാഠങ്ങൾ മുതൽ ലോകോത്തര സൃഷ്ടികളെ അടുത്തറിയുകയും സ്വായത്തമാക്കുകയും വരെയുള്ള വിവിധ ഘട്ടങ്ങൾ കലാമൂല്യവും സാമൂഹിക പ്രതിബദ്ധതയുള്ള സമൂഹത്തെ വാർത്തെടുക്കുന്നതോടൊപ്പം അക്കാദമി മേഖലയും തൊഴിൽ മേഖലയും പ്രാവീണ്യവും നേടൽ (ചിത്രരചന) | ഒന്നാംതരം മുതൽ പത്താംതരം വരെയുള്ള മുഴുവൻ വിദ്യാർഥിനികളും പരോക്ഷമായി അവരുടെ രക്ഷിതാക്കളും | 1. പ്രാഥമിക തലത്തിൽ രേഖകൾ, രൂപങ്ങൾ നിറങ്ങൾ ഇവയുടെ സങ്കലനം, മിശ്രണം ഇവ പഠിക്കുന്നു<br>2. പ്രകൃതി, ജീവജാലങ്ങൾ, മനുഷ്യർ ഇവയുടെ പ്രത്യേകതകൾ പഠനവിധേയമാക്കുന്നു.<br>3. കേരള, ഭാരതീയ, ലോക കലകൾ ഇവയുടെ ചരിത്രം ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ പഠനവിധേയമാക്കുന്നു.<br>4. സന്തോഷ ചിത്രീകരണം ആശയചിത്രീകരണം ഒപ്പം ഔട്ട്ഡോർ സ്റ്റഡി നടപ്പിൽ വരുത്തുന്നു.<br>5. ആധുനിക സാങ്കേതികവിദ്യ ചിത്രകലയിൽ പുതിയ രചന സങ്കേതങ്ങളും ശൈലികളും വസ്തുക്കളും സായത്തമാക്കുന്ന.6. ലോക ചിത്ര ശില്പശാലകളുടെ പ്രിന്റുകൾ സ്ലൈഡുകൾ എന്നിവ പഠനവിധേയമാക്കുന്നു.<br>7. കുട്ടികളുടെ നിലവാരം അനുസരിച്ച് വർക്ക് ഷോപ്പുകൾ ക്ലാസുകൾ പ്രദർശനങ്ങൾ എന്നിവ നടക്കുന്നു. | 3 വർഷം | പ്രധാന അധ്യാപകൻ<br>ക്ലാസ് ടീച്ചർ<br>ആർട്ട് ടീച്ചർ<br>രക്ഷിതാക്കൾ<br>ക്ലാസ് ലീഡർ | 650000 |

| ക്രമ നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| | 8. സൃഷ്ടികൾ പ്രദർശിപ്പിക്കാനും സംവാദത്തിനും അവസരം ഒരുക്കുന്നു. ഗാലറി/ സ്റ്റുഡിയോ/ വർക്ക്ഷോപ്പ് / ക്ലാസ് റൂം<br>9. ഉചിത സന്ദർഭങ്ങളിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നു.<br>10. വിദഗ്ധരുടെ സേവനങ്ങൾ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുന്നു.<br>11. പി ടി എ യുടെ മേൽനോട്ടം | | | | | |
| 67. | പ്രവർത്തി പരിചയം മേഖലകളിൽ താല്പര്യമുള്ളവരെ മെച്ചപ്പെടുത്തൽ | 1-12 പ്രവർത്തി പരിചയ രംഗത്ത് താല്പര്യം ഉള്ളവർ | • വിവിധ പ്രവർത്തി പരിചയ മേഖലകളിൽ താല്പര്യമുള്ളവരെ കണ്ടെത്തൽ<br>• പരിശീലനത്തിന് പ്രാദേശിക വിദഗ്ധരെ ഉപയോഗപ്പെടുത്തൽ<br>• ഉൽപ്പന്നങ്ങളുടെ പ്രദർശനം<br>• ഈ മേഖലയിൽ മികച്ച വിദ്യാലയങ്ങളുടെ വിദ്യാർഥികളുടെ അനുഭവം അന്വേഷിക്കൽ | എല്ലാ അധ്യയന വർഷവും | ഡ്രോയിംഗ് ടീച്ചർ<br>WE<br>ടീച്ചർ | 5000 |
| 68. | കുട്ടികളുടെ വ്യക്തി വികസനം സാധ്യമാക്കുന്നതോടൊപ്പം സർഗാത്മക കഴിവുകൾ പ്രോത്സാഹിപ്പിക്കുക. (ഭാഷാ വിഷയങ്ങൾ) | 1-12 | • വിവിധ ഭാഷാ വിഷയങ്ങളിൽ ക്ലാസ് റൂം രചനകൾ തയ്യാറാക്കൽ<br>• ക്ലാസുകളിൽ കയ്യെഴുത്ത് മാഗസിനുകൾ തയ്യാറാക്കൽ<br>• വായന ആസ്വാദനക്കുറിപ്പുകൾ തയ്യാറാക്കൽ<br>• നാടക ക്യാമ്പ്<br>• പ്രസംഗ പരിശീലനം | ഒന്ന്, രണ്ട് ടേമുകൾ | പ്രവൃത്തി പരി ചയ അധ്യാപകർ<br>Drawing<br>ടീച്ചർ | 25000 |

| ക്രമ നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 69. | സാഹിത്യകാരന്മാരെ അടുത്തറിയൽ | 5 - 12 ക്ലാസ്സുകൾ | • സാഹിത്യകാരന്മാരുമായി അഭിമുഖം<br>• ക്ലബ്ബ് പ്രവർത്തനങ്ങളിൽ സാഹിത്യകാരന്മാരെ പങ്കെടുപ്പിക്കൽ<br>• സാഹിത്യകൃതികൾ പരിചയപ്പെടൽ<br>• സാഹിത്യകാരന്മാരുടെ സൃഷ്ടികളുടെ അവതരണം<br>• സാഹിത്യ കാരൻമാരെ ആദരിക്കൽ<br>• ഉയർന്ന നിലവാരം പ്രത്യേക പരിശീലനം | എല്ലാ വർഷവും മൂന്നാം ടേം | ഭാഷാ ക്ലാസധ്യാപകർ | 5000 |
| **ഉയർന്ന നിലവാരം – പ്രത്യേക പരിശീലനം** | | | | | | |
| 70. | എൻഎസ്എസ് , യു എസ് എസ് പരീക്ഷകളിൽ ഉന്നത വിജയം ഉറപ്പിക്കൽ | 4, 7 ക്ലാസ്സുകൾ | • 4, 7 ക്ലാസ് കുട്ടികൾ<br>• 4, 7 ക്ലാസുകളിൽ തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം<br>• വിദഗ്ധരുടെ ക്ലാസുകൾ<br>• അനുബന്ധ പുസ്തകങ്ങൾ ലഭ്യമാക്കൽ മാതൃക പരീക്ഷകൾ രക്ഷിതാക്കൾക്ക് ബോധവൽക്കരണം<br>• മേൽനോട്ടം എച്ച് എം | എല്ലാ വർഷവും ഒക്ടോബർ മാസം- ഫെബ്രുവരി മാസം | 4, 7 ക്ലാസധ്യാപകർ | 1000 |
| 71. | NMMS പരിശീലനം | 8 ക്ലാസ്സിലെ കുട്ടികൾ | • 8, 10 ക്ലാസിലെ മികച്ച കുട്ടികളെ കണ്ടെത്തൽ<br>• പ്രത്യേക പരിശീലനം<br>• വിദഗ്ധ ക്ലാസുകൾ<br>• അനുബന്ധ പുസ്തകങ്ങൾ ലഭ്യമാക്കൽ<br>• മാതൃക പരീക്ഷകൾ<br>• രക്ഷിതാക്കൾക്ക് ബോധവൽക്കരണം | എല്ലാ വർഷവും ഒക്ടോബർ മാസം- നവംബർ മാസം | 8-ാം ക്ലാസിലെ ക്ലാസധ്യാപകർ | 1000 |
| 72. | പ്രതിഭകളെ കണ്ടെത്തൽ (ഭാഷ ) | 5 - 12 | • ഭാഷ ഫെസ്റ്റുകൾ നടത്തുക<br>• പ്രതികളെ കണ്ടെത്തൽ<br>• പ്രത്യേക പരിശീലനങ്ങൾ<br>• ഐസിടി സാധ്യത ഉപയോഗപ്പെടുത്തൽ ഉൽപ്പന്നങ്ങൾ തയ്യാറാക്കൽ<br>• ഹിന്ദി പ്രചാരസഭയുടെ മത്സരങ്ങളുടെ വിജയികളെ പ്രോത്സാഹിപ്പിക്കൽ | എല്ലാ വർഷവും ജനുവരി, ഫെബ്രുവരി | ക്ലാസധ്യാപകർ | 5000 |

| ക്രമ നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 73. | ഭാഷ പ്രതിഭകളെ പരിപോഷിപ്പിക്കൽ (മലയാളം ഇംഗ്ലീഷ് ഹിന്ദി) | 5 - 12 ക്ലാസ്സുകൾ | • ഭാഷ ഫെസ്റ്റുകൾ നടത്തുക<br>• പ്രതിഭകളെ കണ്ടെത്തൽ<br>• പ്രത്യേക പരിശീലനങ്ങൾ<br>• ഐസിടി സാധ്യത ഉപയോഗപ്പെടുത്തൽ<br>• ഉൽപ്പന്നങ്ങൾ തയ്യാറാക്കൽ<br>• ഹിന്ദി പ്രചാര സഭയുടെ മത്സരങ്ങളുടെ വിജയികളെ പ്രോത്സാഹിപ്പിക്കൽ | എല്ലാ വർഷവും ജനുവരി, ഫെബ്രുവരി | ഭാഷാ ക്ലാസധ്യാപകർ | 2000 |
| 74. | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ക്ഷേമം ഉറപ്പാക്കൽ | സ്കൂളിലെ എസ്.ടി വിഭാഗം കുട്ടികൾ | • കുട്ടികളുടെ കോളനി സന്ദർശനം<br>• രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസുകൾ<br>• കോർണർ പിടിഎ (കോളനികളിൽ)<br>• ലഘു ഭക്ഷണത്തോടുകൂടിയ വരുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടപ്പിലാക്കൽ<br>• ഹാജർ നിലവാരം വിലയിരുത്തൽ<br>• മോണിറ്ററിംഗ് , എച്ച് എം ഇംപ്ലിമെന്റിങ് ഓഫീസർ | എല്ലാ വർഷവും 2, 3 ടേമുകൾ | ക്ലാസധ്യാപകർ പി.ടി.എ | 10000 |
| | | | **സമൂഹ പങ്കാളിത്തം** | | | |
| 75. | ഓരോ ക്ലാസിലെയും കുട്ടികളെ അറിയൽ<br><br>പ്രാദേശിക കൂട്ടായ്മ | സ്കൂളിലെ മുഴുവൻ വിദ്യാർത്ഥി കൾ | • പ്രാദേശികമായി കുട്ടികളെ തരംതിരിക്കൽ<br>• ഗൃഹസന്ദർശനം<br>• തുടർ ആശയവിനിമയം (രക്ഷിതാക്കളുമായി )<br>• പരിഹാര പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ<br>• അവലോകനം - സ്റ്റാഫ് പിടിഎ യോഗങ്ങൾ<br>• സമൂഹ പങ്കാളിത്തത്തോടെ വിദ്യാഭ്യാസ ഗുണനിലവാരം ഉറപ്പാക്കൽ | എല്ലാ വർഷവും സെപ്റ്റംബർ മുതൽ ഫെബ്രുവരി വരെ | ക്ലാസധ്യാപകർ | |

| ക്രമ നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 76. | ദിനാചരണം കാര്യക്ഷമമാക്കുക ദിനാചരണങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പിക്കൽ | സ്കൂളിലെ എല്ലാ കുട്ടികളും രക്ഷിതാക്കളും | • പ്രധാന ദിനാചരണങ്ങൾ കണ്ടെത്തൽ<br>• എസ് ആർ ജിയിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ<br>• റാലി ക്വിസ് സെമിനാർ എന്നിവ സംഘടിപ്പിക്കൽ<br>• രക്ഷിതാക്കളുടെ പങ്കാളിത്തം വിവിധ ഘട്ടങ്ങളിൽ ഉറപ്പാക്കൽ<br>• ക്ലബ്ബ് പ്രവർത്തനങ്ങൾ ക്ലാസ്സ് റൂം പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുക. | പ്രധാന ദിവസങ്ങളിൽ | ക്ലബ് കൺവീനർ | 2000 |
| 77. | വിദ്യാലയ സൗഹൃദ സമൂഹത്തെ സൃഷ്ടിക്കൽ | കുട്ടികൾ, രക്ഷിതാക്കൾ, അധ്യാപകർ | • ക്ലാസ്, പി.ടി.എ ജനകീയമാക്കി പരമാവധി പങ്കാളിത്തം ഉറപ്പിക്കൽ<br>• വിദ്യാർത്ഥികളുടെ ഉത്പന്ന പ്രദർശനം<br>• അയൽപക്ക പി.ടി.എ<br>• പഠന വീട്<br>• പഠന യാത്രകളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം | എല്ലാ വർഷവും | ക്ലാസധ്യാപകർ പി.ടി.എ പ്രതിനിധികൾ | |
| | | | **മികച്ച വിദ്യാലയ പരിസരം** | | | |
| 78. | സ്കൂളും പരിസരവും ആകർഷകമാക്കാൻ | സ്കൂളിലെ മുഴുവൻ കുട്ടികളും | • പ്രൈമറി ക്ലാസുകൾ ശിശു സൗഹൃദമാക്കൽ<br>• പ്ലാസ്റ്റിക് നിർമ്മാർജ്ജന പ്രവർത്തനങ്ങൾ<br>• എല്ലാ വെള്ളിയാഴ്ചയും ഡ്രൈഡേ ആചരിക്കൽ<br>• പച്ചക്കറി ഔഷധത്തോട്ടം ഒരുക്കൽ<br>• വിളവുകൾ ഉച്ചഭക്ഷണത്തിന് ഉപയോഗപ്പെടുത്തൽ | 2024-25 | ഹെഡ്മിസ്ട്രസ് പരിസ്ഥിതി കൺവീനർ | 50000 |

| ക്രമ നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 79. | പരിസ്ഥിതിയുമായി ഇണങ്ങി ജീവിക്കാൻ കുട്ടികളെ പര്യാപ്തമാക്കുക | സ്കൂളിലെ മുഴുവൻ കുട്ടികളും | • പരിസ്ഥിതി പ്രാധാന്യമുള്ള പ്രാദേശിക സ്ഥല സന്ദർശനം ജൈവ വൈവിധ്യ പാർക്കുകൾ സ്ഥാപിക്കൽ<br>• ഓരോ ക്ലാസിലും പരിസ്ഥിതി സൗഹൃദ വസ്തുക്കളുടെ ഉപയോഗം<br>• ഔഷധത്തോട്ടം<br>• പച്ചക്കറിത്തോട്ടം | 2024 - 25 | ഹെഡ്മിസ്ട്രസ് പിടിഎ | 25000 |
| 80. | കലാ സൗഹൃദ വിദ്യാലയ സങ്കല്പം കുട്ടികളിൽ എത്തിക്കാൻ | സ്കൂളിലെ മുഴുവൻ കുട്ടികളും | • കുട്ടികളുടെ പഠനോൽപ്പന്നങ്ങൾ ശേഖരിക്കൽ<br>• സാഹിത്യവും മ്യൂസിയം തയ്യാറാക്കൽ<br>• ഉൽപ്പന്നങ്ങളുടെ ക്രമീകരണം<br>• കലാരൂപങ്ങൾ ക്ലാസ് റൂം ചുമരുകളിൽ വരയ്ക്കൽ | ഫെബ്രുവരി | യു.പി.,എച്ച്. എസ് മലയാള അധ്യാപകർ | 10000 |
| 81. | പ്രീ പ്രൈമറി വിദ്യാഭ്യാസം | LKG, UKG കുട്ടികൾ | • പാഠ പുസ്തകം നിർദ്ദേശിക്കുന്ന ശേഷികൾ ആർജ്ജിക്കുക<br>• കളികളിലൂടെ പഠനം<br>• കലാകായിക പ്രകടനം<br>• ഉപകരണങ്ങൾ പരിചയപ്പെടൽ<br>• ചിത്രരചന | എല്ലാ അധ്യയന വർഷവും | പ്രീ പ്രൈമറി അധ്യാപകർ | 50000 |
| 82. | പ്രീ പ്രൈമറി അടിസ്ഥാന സൗകര്യ വികസനം | LKG, UKG കുട്ടികൾ | • മിനി പാർക്ക് നിർമ്മാണം<br>• കളി ഉപകരണങ്ങൾ സ്ഥാപിക്കൽ | 2024 ജൂൺ | പി.ടി.എ | 200000 |
| 83. | സംഘ പഠനം | 11-12 | • ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുക<br>• സ്കൂളുകളിൽ ഗ്രൂപ്പ് വർക്കുകൾ നടത്തുക<br>• പ്രോജക്ടുകൾ സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുക | ജനുവരി - മാർച്ച് | എച്ച്എസ്എസ് ബയോളജി അധ്യാപകർ | - |

| ക്രമ നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 84. | പരിസ്ഥിതി ബോധം വളർത്തും | 1-12 | • സെമിനാറുകൾ സംഘടിപ്പിക്കുക<br>• വ്യവസായിക അടിസ്ഥാനത്തിൽ വിവിധ ഫാർമിംഗ് തുടങ്ങാനുള്ള ആഭിമുഖ്യം വളർത്തുക. | ജൂൺ മുതൽ മാർച്ച് വരെ | എച്ച്എസ്എസ് ബയോളജി അധ്യാപകർ | 2000 |
| 85. | കുട്ടിയെ കൃത്യമായി തിരിച്ചറിഞ്ഞ സഹായിക്കാൻ അവസരം ഉണ്ടാക്കുന്നു | 1-12 | • സയൻസ് പ്രോജക്ട്<br>• സെമിനാർ<br>• അസൈൻമെന്റ് | ജൂൺ മുതൽ മാർച്ച് വരെ | എച്ച്എസ്എസ് ബയോളജി അധ്യാപകർ | - |
| 86. | കാലത്തിനനുസരിച്ച് ശാസ്ത്രത്തിൽ വന്ന മാറ്റങ്ങൾ മനസ്സിലാക്കുന്നതിനും പരിചയപ്പെടുന്നതിനും കൂടാതെ മത്സര പരീക്ഷകൾക്ക് വേണ്ടി ഭാവിയിലേക്ക് കുട്ടികളെ സജ്ജരാക്കൾ ശാസ്ത്രാഭിമുഖ്യം | 1-12 | • വിദഗ്ധരായ അധ്യാപകരുടെ ക്ലാസ്സുകൾ<br>• വിദേശ ശാസ്ത്രജ്ഞന്മാരുമായി ടെലി കോൺഫറൻസ്<br>• ശാസ്ത്രപ്രദർശനം<br>• ശാസ്ത്ര ഫിലിമുകൾ | ജനുവരി - ഫെബ്രുവരി | എച്ച്എസ്എസ് ബയോളജി അധ്യാപകർ | 5000 |
| 87. | കുട്ടികൾക്ക് അവരവരുടെ തനതായ കഴിവുകൾ കണ്ടുപിടിക്കാനും അത് വളർത്തി കൊണ്ടുവരാനും അവസരം ഒരുക്കും | 10-12 | • ശാസ്ത്ര മാഗസിൻ<br>• വിവിധ മോഡലുകൾ<br>• ചാർട്ടുകൾ എന്നിവ നിർമ്മിക്കുക | ജനുവരി മുതൽ മാർച്ച് വരെ | എച്ച്എസ്എസ് ബയോളജി അധ്യാപകർ | 2000 |
| 88. | ഉന്നത വിദ്യാഭ്യാസത്തിന് മാർഗനിർദ്ദേശം നൽകുക | | • ഉന്നത വിദ്യാഭ്യാസത്തെ കുറിച്ചും സയൻസിലെ സാധ്യതകളെക്കുറിച്ച് മനസ്സിലാക്കുന്നതിനുള്ള ക്ലാസുകൾ നൽകും | ജനുവരി - മാർച്ച് | എച്ച്.എസ്.എസ് അധ്യാപകർ | 5000 |
| 89. | ദേശീയ ഭാഷ നൈപുണി കൈവരിക്കുന്നതിൽ പരിമിതിയുള്ള വിദ്യാർത്ഥികളെ സഹായിക്കുക. | | • ഭാഷാ സാഹിത്യ സെമിനാറുകൾ<br>• ദേശീയ ഭാഷ രചന മത്സരങ്ങൾ<br>• ശില്പശാലകൾ<br>• ഫിലിം ഫെസ്റ്റിവൽ | ജനുവരി - ഫെബ്രുവരി | എച്ച്.എസ്.എസ് ഹിന്ദി അധ്യാപകർ | 1000 |

| ക്രമ നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 90. | ശബ്ദം, പദം, വാക്യം എന്നിവ തെറ്റ് കൂടാതെ എഴുതുന്നതിനുള്ള അറിവ് ആർജിക്കൽ | 1-12 | • കഥാരചന മത്സരങ്ങൾ<br>• പ്രബന്ധരചന മത്സരങ്ങൾ<br>• വർക്ക് ഷീറ്റുകൾ | ജനുവരി - ഫെബ്രുവരി | എച്ച്.എസ്.എസ് ഹിന്ദി അധ്യാപകർ | - |
| 91. | ഹിന്ദി സാഹിത്യത്തോടുള്ള താൽപര്യം വർദ്ധിപ്പിക്കൽ | 1-12 | • ഹിന്ദി സാഹിത്യന്മാരുമായി അഭിമുഖം<br>• കവിതാലാപനം<br>• കവിയരങ്ങ് | ജനുവരി - ഫെബ്രുവരി | എച്ച്.എസ്.എസ് ഹിന്ദി അധ്യാപകർ | 3000 |
| 92. | മികച്ച ഹിന്ദി വായന ശീലം വളർത്തുക | 1-12 | • ഹിന്ദി ഭാഷ സംസാരിക്കുന്ന പ്രദേശങ്ങളുടെ സന്ദർശനം<br>• ഹിന്ദിയിൽ ആശയവിനിയം | അധ്യയനവർഷം മുഴുവൻ | എച്ച്എസ്എസ് ഹിന്ദി അധ്യാപകർ | 5000 |
| 93. | ഭാഷയെ അനായാസമായി കൈകാര്യം ചെയ്യൽ | | • ഹിന്ദി ഭാഷ സംസാരിക്കുന്ന പ്രദേശങ്ങളുടെ സന്ദർശനം<br>• ഹിന്ദിയിൽ ആശയവിനിമയം<br>• ഹിന്ദിയിൽ സെമിനാർ | അധ്യയനവർഷം മുഴുവൻ | എച്ച്എസ്എസ് ഹിന്ദി അധ്യാപകർ | 15000 |
| 94. | ഹിന്ദി ഭാഷയുടെ സാധ്യതകളെ കുറിച്ചുള്ള അവബോധം | 11-12 | • വിദഗ്ധ കരിയർ ഗൈഡൻസ് ക്ലാസുകൾ<br>• ട്രാൻസിലേഷൻ ക്ലാസുകൾ സംഘടിപ്പിക്കൽ | അധ്യയന വർഷവും ജനുവരി & ഫെബ്രുവരി | എച്ച്എസ്എസ് ഹിന്ദി അധ്യാപകർ | 3000 |
| | | | **എച്ച്. എസ്. എസ് ഗണിതം** | | | |
| 95. | കുട്ടിയെ കൃത്യമായി തിരിച്ചറിഞ്ഞ് സഹായിക്കാൻ അവസരം ഉണ്ടാക്കുന്നു | 11-12 | • ഗണിത പ്രൊജക്റ്റ്<br>• സെമിനാർ<br>• അസൈൻമെന്റ് | ജൂൺ മുതൽ ഫെബ്രുവരി വരെ | എച്ച്എസ്എസ് ഹിന്ദി അധ്യാപകർ | - |
| 96. | ഗണിതപരമായ ആശയങ്ങൾ ഗ്രഹിക്കുന്നതിനും സംവദിക്കുന്നതിനും വേണ്ടി | 11-12 | • ഐസിടി ഉപയോഗം<br>• ക്ലാസ് റൂം തിയേറ്റർ | ജൂൺ മുതൽ ഫെബ്രുവരി വരെ | എച്ച്എസ്എസ് ഗണിത അധ്യാപകർ | 10000 |
| 97. | ഗണിത മാറ്റങ്ങൾ തിരിച്ചറിയൽ പിഎസ് സി പോലുള്ള മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ | | • വിദഗ്ധരുടെ ക്ലാസുകൾ<br>• ഐസിടി സാധ്യത | ജനുവരി - ഫെബ്രുവരി | എച്ച്എസ്എസ് ഗണിത അധ്യാപകർ | 5000 |

| ക്രമ നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 98. | കുട്ടികളുടെ ഗണിത കഴിവുകൾ കണ്ടുപിടിക്കാനും വളർത്തിക്കൊണ്ടു വരാനും | 11-12 | • ഗണിതമാഗസിൻ<br>• മോഡലുകൾ<br>• എക്സിബിഷൻ | ജനുവരി - ഫെബ്രുവരി | എച്ച്.എസ്.എസ് ഗണിത അധ്യാപകർ | 5000 |
| **എച്ച്. എസ്. എസ് ഫിസിക്സ്** | | | | | | |
| 99. | കരിക്കുലം ലക്ഷ്യമിടുന്ന എല്ലാ നൈപുണ്യങ്ങളും നേടിയെടുക്കാൻ കുട്ടികളെ പ്രാപ്തരാക്കുക | 11-12 | • ആധുനിക സൗകര്യങ്ങൾ പൂർണമായുള്ള ക്ലാസ് മുറികൾ ഉപയോഗിച്ചുള്ള പഠനരീതി, ഫിസിക്സ് ലാബ് ലൈബ്രറി, സെമിനാറുകൾ, വിദഗ്ധരായ അധ്യാപകരുടെ ക്ലാസ് എന്നിവ പ്രയോജനപ്പെടുത്തുക | ജൂൺ - മാർച്ച് | എച്ച്.എസ്.എസ് ഫിസിക്സ് അധ്യാപകർ | - |
| 100. | ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതിനുള്ള കഴിവ് വർദ്ധിപ്പിക്കുക. | 11-12 | • ഐസിടി ക്ലാസുകൾ കുട്ടികളെ പരിചയപ്പെടുത്തുക. ക്ലാസുകൾ പൂർണമായും ഐ.ടി അധിഷ്ഠിതമാക്കുക.<br>• കുട്ടികൾ നടത്തുന്ന സെമിനാറുകളിൽ ഐ.ടി ഉപയോഗിക്കുക. | ജൂൺ - നവംബർ | എച്ച്.എസ്.എസ് ഫിസിക്സ് അധ്യാപകർ | 5000 |
| 101. | ശാസ്ത്രവൈദഗ്ധ്യം ഉപയോഗപ്പെടുത്തുക | 11-12 | • ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എക ്സിബിഷനുകൾ വർക്ക് ഷോപ്പ് മുതലായവ നടപ്പിലാക്കുക<br>• പ്രമുഖ ശാസ്ത്രജ്ഞന്മാരുടെ ക്ലാസുകൾ സംഘടിപ്പിക്കുക<br>• അവരുമായി സംവദിക്കാനുള്ള അവസരം ഒരുക്കുക<br>• വിഷയവുമായി ബന്ധപ്പെട്ട ക്ലാസ്സ് എക്സിബിഷനുകൾ ഇടയ്ക്കിടെ നടത്തുക<br>• വിദേശ ശാസ്ത്രജ്ഞന്മാരുമായി ടെലികോൺഫറൻസിലൂടെ സംവദിക്കാനുള്ള അവസരങ്ങൾ ഒരുക്കുക | ജൂൺ - നവംബർ | എച്ച്.എസ്.എസ് ഫിസിക്സ് അധ്യാപകർ | 5000 |

| ക്രമ നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 102. | സംഘപഠനം | 11-12 | • ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുക<br>• സ്കൂളിൽ ഗ്രൂപ്പ് വർക്കുകൾ നടത്തുക<br>• പ്രൊജക്ടുകൾ, സെമിനാറുകൾ, എക്സിബിഷനുകൾ എന്നിവ സംഘടിപ്പിക്കുക | ജൂൺ - നവംബർ | എച്ച്.എസ്.എസ് ഫിസിക്സ് അധ്യാപകർ | 1000 |
| 103. | ഫിസിക്സിനോടുള്ള ആഭിമുഖ്യം വളർത്തുക | 11-12 | • നാനോ ടെക്നോളജി ഫൈബർ ഒപ്റ്റിക്സ് പോലെയുള്ള ഭൗതികശാസ്ത്ര രംഗത്തെ പുതിയ കണ്ടുപിടിത്തങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുക.<br>• സയൻസ് മാഗസിനുകൾ ഇന്റർനെറ്റിന്റെയും സഹായത്തോടെ ഇതെല്ലാം കുട്ടികളിൽ എത്തിക്കുക.<br>• ക്ലാസിൽ സയൻസ് ആൽബം നിർമ്മിക്കുക വാന നിരീക്ഷണം നടത്തുക.<br>• ശാസ്ത്ര ദിനത്തോട് ബന്ധപ്പെട്ട് ക്വിസ് നടത്തുക | ജൂൺ - മാർച്ച് | എച്ച്.എസ്.എസ് ഫിസിക്സ് അധ്യാപകർ | 5000 |
| 104. | ഉന്നതവിദ്യാഭ്യാസത്തിന് മാർഗ്ഗ നിർദ്ദേശം നൽകുക. | | • ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എക്സിബിഷനുകൾ, വർക്ക് ഷോപ്പ് മുതലായവ നടപ്പിലാക്കുക.<br>• പ്രമുഖ ശാസ്ത്രജ്ഞന്മാരുടെ ക്ലാസുകൾ സംഘടിപ്പിക്കുക<br>• അവരുമായി സംവദിക്കാനുള്ള അവസരം ഒരുക്കുക.<br>• വിഷയവുമായി ബന്ധപ്പെട്ട ക്ലാസ്സ് എക്സിബിഷനുകൾ ഇടയ്ക്കിടെ നടത്തുക.<br>• വിദേശ ശാസ്ത്രജ്ഞന്മാരുമായി ടെലികോൺഫറൻസിലൂടെ സംവദിക്കാനുള്ള അവസരങ്ങൾ ഒരുക്കുക. | ജൂൺ - നവംബർ | എച്ച്.എസ്.എസ് ഫിസിക്സ് അധ്യാപകർ | 5000 |